

അക്ഷര

അക്ഷര പബ്ലിക് ലൈബ്രറി മുഖപത്രം

ഡിജിറ്റൽ ത്രൈമാസിക
ലക്കം 02
ഡിസംബർ 2020

മതമൈത്രിയുടെ ചങ്ങനാശേരി ചന്ദനക്കുടം

അജയൻ കുറ്റിക്കാട്ടിന്റെ പറയാൻ ബാക്കിവച്ചത് ജീവിതരേഖയിൽ പാണൻ പറഞ്ഞ കഥ

ഡിജിറ്റൽ യുഗത്തിലെ നവമാധ്യമ ചിന്തകൾ

നിസ്വാർത്ഥ സ്നേഹത്തിന്റെ സ്നേഹസ്പർശം



2013 ജനുവരി 20
അക്ഷരപബ്ലിക് ലൈബ്രറി ഉദ്ഘാടനം



2020 സെപ്റ്റംബർ 6 ലൈബ്രറി മുഖപത്രം
താലൂക്ക് ലൈബ്രറി കൌൺസിൽ വൈസ്പ്രസിന്റ് ജോസ് ചമ്പക്കര ലോഞ്ച് ചെയ്തു.



അക്ഷര ബാലവേദി സാരഥികൾ

അക്ഷര പബ്ലിക് ലൈബ്രറി
കണിച്ചുകുളം
രജിസ്റ്റർ നമ്പർ 05 CNY 7613
മുഖപത്രം
ഡിജിറ്റൽ ത്രൈമാസിക
ലക്കം 02 ,2020 ഡിസംബർ 6



കവർ ചിത്രം
ബിനുക്കുട്ടൻ കീഴില്ലം

എഡിറ്റോറിയൽ
ചീഫ് എഡിറ്റർ
അജേഷ്കുമാർ പി.ബേബി

എഡിറ്റേഴ്സ്
മായാദേവി പി.സി.
മനു ഗോപിനാഥൻ
ഉണ്ണികൃഷ്ണൻ എം.
ബിജിക്കുട്ടൻ

ഡാറ്റാ എൻട്രി ഓപ്പറേറ്റഴ്സ്
മനു ഗോപിനാഥൻ
ഹോചിമിൻ പി. അനിൽ

ഉപദേശകസമിതി
പി. എസ്. പ്രസാദ്
[പ്രസിഡന്റ് , അക്ഷര പബ്ലിക് ലൈബ്രറി]
പി. എം. ചാക്കോ [താലൂക്ക് ലൈബ്രറി കമ്മിറ്റി അംഗം]

ഡിജിറ്റൽ മാഗസിൻ ഡെവലപ്പർ
സുബിൻ കെ. എസ്
[സെക്രട്ടറി ,അക്ഷര യുവജനവേദി]

വിലാസം
അക്ഷര പബ്ലിക് ലൈബ്രറി
കണിച്ചുകുളം,
മാമ്മൂട് പി. ഓ.
ചങ്ങാനാശ്ശേരി
കോട്ടയം, കേരള
686536
aksharapubliclibrary05cny7613@gmail.com

സന്ദർശിക്കുക
website
https://aksharadigitalmagazine.art.blog
OR
https://aksharadigitalmagazineonline.blogspot.com
എഴുത്തിലെ ആശയങ്ങൾ ഏഴുത്തുകാരുടേത്!

അറിയിപ്പ്!
അക്ഷര ഓൺലൈൻ മാഗസിനിലേക്ക്
സാഹിത്യ സൃഷ്ടികള് അയയ്ക്കുന്നവർ
ഇമെയിൽ വിലാസത്തിലോ ലൈബ്രറിയുടെ
മേൽവിലാസത്തിലോ അയയ്ക്കാവുന്നതാണ്!

Email: aksharadigitalmagazine@gmail.com

Phone : 9497599459
enquiry : 7034659359

ഉള്ളടക്കം

താളുകൾ മറിക്കുമ്പോൾ

എഡിറ്റോറിയൽ 04
അജേഷ്കുമാർ പി. ബേബി

സ്മരണാഞ്ജലി 05
ശ്രീ.സി.എഫ്.തോമസ്

ജീവിതരേഖ

പറയാൻ ബാക്കിവെച്ചത് 06
അജയൻ കുറ്റിക്കാട്ട്

ചിന്താപഥം

സ്നേഹസ്പർശം 12
റെവ.ഫാ.ജെസ്വിൻയെദി ചാക്കോ

കവിത

ശ്രീബുദ്ധസന്ദേശം 14
പി.എം.ചാക്കോ മാമ്മൂട്

ലേഖനം

മാധ്യമ കാലത്തെ പത്ര പ്രവർത്തനം 18
ജോസ് ചമ്പക്കര

ചരിത്രം

ചരിത്ര പ്രസിദ്ധമായ ചങ്ങനാശേരി ചന്ദനക്കുടം 20
ആഷിക് മണിയങ്കുളം

കഥ

ലബ്ധപ്രതിഷ്ഠൻ 23
അജയൻ കരുനാഗപ്പള്ളി

തിരക്കഥ

നക്ഷത്രം ഹൃദയത്തോട് പറഞ്ഞത് 28
അജയൻ കുറ്റിക്കാട്ട്

ചെറുകഥ

മേഘങ്ങളുടെ മാലാഖ 31
കെസിയ കുഞ്ഞുമോൻ

ലേഖനം

മതം ഇതരമാകണം മതേതരത്വം 32
നിഖിൽ പി. ദാസ്

ചെറുകഥ

അരപവൻമാല 34
പി. എസ്. പ്രസാദ്

കവിതകൾ

വയൽപ്പക്ഷി 36
സുരേഷ് ടീ. കെ.

മഷിത്തണ്ട് 37
അജയകുമാർ എം.എൻ.

മിനികഥ

കൊറോണ നല്കിയ യാത്രാമൊഴി 38
നന്ദു

പ്രവർത്തനസംഹിത

അക്ഷര വാർത്തകൾ 39

"നമ്മുടെ മതമോ മതവിശ്വാസമോ എന്തുമാകട്ടെ ,നാമെല്ലാം ഒരു ജനതയാണെന്ന് നിരന്തരം ഓർമ്മിക്കണം."
-ജവഹർലാൽ നെഹ്റു

എഡിറ്റോറിയൽ

കോവിഡിന്റെ പശ്ചാത്തലത്തിൽ പോലും രാജ്യത്തിന്റെ പൊതുസ്ഥിതി അങ്കലാപ്പും, അമ്പരപ്പും ഉളളവാക്കുന്നതാണ്.ഇന്ത്യ സ്വാതന്ത്ര്യം നേടിയ ഘട്ടത്തിൽ വ്യത്യസ്തമായ സമൂഹത്തെ ഐക്യത്തോടെ നിലനിർത്താൻ ദീർഘവീക്ഷണമുളള നേതാക്കൻന്മാർരാജ്യത്തെ മതനിരപേക്ഷജനാധിപത്യ സോഷ്യലിസ്റ്റ് റിപ്പബ്ലിക്കാക്കി മാറ്റാനും എല്ലാവരെയും ഉൾക്കൊളളാനും കഴിയുന്ന ഒരു ഭരണഘടനയ്ക്ക് രൂപംനൽകി.

നമ്മുടെ സമൂഹത്തിൽവിളളൽ വീഴ്ത്താനുളള ഗൂഢ ശ്രമങ്ങൾ നടക്കുന്നുണ്ടോ?ഹത്റാസ് പെൺകുട്ടിയെ നാവറുത്ത് കൊലപ്പെടുത്തിയതും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ പാർശ്വവത്ക്കരിക്കപ്പെട്ടവരുടേയും,ദളിത രുടേയും,മതന്യൂനപക്ഷങ്ങളുടേയും,സ്ത്രീ കൾക്കും,കുട്ടികൾക്കും നേരെ നടക്കുന്ന അതിക്രമങ്ങൾ നാം ഒറക്കെട്ടായി അപലപിക്കേണ്ടതാണ്.സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരേണ്ട സമൂഹത്തെ അരികുവൽക്കാരിക്കാനും പഴയ ജാതി സമ്പ്രദായങ്ങളെ പൊടിതട്ടിയെടുത്ത് സമൂഹത്തിന്റെ മുഖ്യഭാഗമാക്കാനുമുള്ള ശ്രമം മതനിരപേക്ഷ ജനാധിപത്യത്തിന് ഭൂഷണമാണോ?

കോവിഡ് മഹാമാരിയുടെ കാലത്തും നമ്മുടെ മനസ്സുകൾ നമ്മളിലേയ്ക്കായി ചുരുങ്ങുന്നത് ലോകത്തിന് എന്ത് സന്ദേശമാണ് നല്കുന്നത്. സാമൂഹിക പുരോഗതിയ്ക്ക് സാംസ്ക്കാരിക ബദലുകൾ ഉയർത്തിക്കൊണ്ടു മാത്രമേ സമൂഹത്തെ മുന്നോട്ടു നയിക്കാൻ കഴിയുകയുളളൂ.

അക്ഷര പബ്ലിക് ലൈബ്രറി 2012 സെപ്തംബർ ആരംഭിച്ച് എട്ടു വർഷങ്ങൾ പൂർത്തീകരിച്ചിരിക്കുന്നു.കഴിഞ്ഞ എട്ടുവർഷക്കാലത്തിനിടയ്ക്ക് പല ജനോപകാരപ്രവർത്തനങ്ങളും പൊതു പങ്കാളിത്തതോടെയും അല്ലാതെയും ഏറ്റെടുക്കാൻ കഴിഞ്ഞിട്ടുണ്ട്.

2018-ലെ മഹാ പ്രളയ സമയത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് 22601/- രൂപയും വസ്ത്രങ്ങളും ജനങ്ങളിൽ നിന്നും സമാഹരിച്ചു നല്കാൻ കഴിഞ്ഞതും, ലോക്ഡൌൺ പ്രഖ്യാപിച്ച സമയത്ത് അഥിതി തൊഴിലാളികൾക്ക് ഭക്ഷണസാധങ്ങൾ എത്തിച്ചു നല്കിയതും, ലൈഫ്മിഷൻ വഴി വീടുകിട്ടിയ കുടുംബത്തിന് അസംസ്കൃത സാധനങ്ങൾ ശ്രമദാനത്തിലൂടെ എത്തിച്ചു നല്കിയതും, എഴുതാൻ ആഗ്രഹിക്കുന്നവരെയും, കഴിവുളളവരെയും മുഖ്യധാരയിലേക്ക് കൊണ്ടുവരുവാൻ ''അക്ഷര ഡിജിറ്റൽ മാഗസിൻ' ആരംഭിക്കാൻ കഴിഞ്ഞതും ലൈബ്രറി പ്രവർത്തനം വായനാലോകത്തിനപ്പുറം ഒരു സാമൂഹിക പ്രവർത്തനം കൂടിയാണെന്നു ലൈബ്രറി കരുതുന്നു.



അജേഷ്കുമാർ പി.ബേബി

ചീഫ് എഡിറ്റർ

സ്മരണാഞ്ജലി



ശ്രീ.സി.എഫ്.തോമസ്

കഴിഞ്ഞ നാല്പതു വർഷമായി ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തെ പ്രതിനിധീകരിച്ച ശ്രീ.സി .എഫ് തോമസ് സാർ രണ്ടുവട്ടം കേരളമന്ത്രിസഭയിൽ അംഗമായിട്ടുണ്ട്.തുടർച്ചയായി എട്ടു പ്രാവിശ്യം ഒരേ മണ്ഡലത്തിൽ നിന്നും എം. എൽ.എ യായി തെരഞ്ഞെടുക്കപ്പെട്ടതിന്റെ പ്രധാന കാരണം അദ്ദേഹത്തിന്റെ സ്വഭാവ വൈശിഷ്ട്യം തന്നെയാണ്.ജാതി, മത,രാഷ്ട്രീയഭേദമില്ലാതെ എല്ലാ ആളുകളുമായി സഹകരിക്കാനുള്ള സന്മസ്സുള്ള വ്യക്തിയായിരുന്നു.സമയക്ലിപ്ത പാലിക്കാൻ അദ്ദേഹം കാണിച്ചിരുന്ന നിഷ്കർഷത എടുത്തുപറയേണ്ട ഒന്നാണ്.കണിച്ചുകുളം അക്ഷര പബ്ലിക് ലൈബ്രറിയെ സംബന്ധിച്ച് അദ്ദേഹത്തിന്റെ ദേഹവിയോഗം നികത്താനാകാത്ത നഷ്ടമാണ്.

2013 ജനുവരി 20 ന് ലൈബ്രറിയുടെ ഉദ്ഘാടന കർമ്മം നിർവ്വഹിക്കാനുള്ള നിയോഗം ഏറ്റിരുന്നത് അന്നു കേന്ദ്ര സഹമന്ത്രിയായിരുന്ന ശ്രീ.കൊടിക്കുന്നിൽസുരേഷും,മുഖ്യപ്രഭാഷണംശ്രീ.സി.എഫ്.തോമസുമാ യിരുന്നു നിർവ്വഹിക്കേണ്ടിയിരുന്നത്.ശ്രീ.കൊടിക്കുന്നിൽ സുരേഷിന് ഡൽഹിയിൽ നിന്നു വരാൻ കഴിയാഞ്ഞ സാഹചര്യത്തിൽ അന്നേ ദിവസം അദ്ദേഹം നിർഹിക്കേണ്ടിയിരുന്ന ഉദ്ഘാടന കർമ്മങ്ങളുടെ ചുമതല സി.എഫ് സാറിനു കൈവന്നു.അദ്ദേഹം മറ്റു പരിപാടികളുടെ സമയം വെട്ടിച്ചുരുക്കി അല്പം വൈകിയാണെങ്കിലും ലൈബ്രറിയുടെ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു.പിന്നീടു നടന്ന പല വാർഷിക പൊതുയോഗങ്ങളും ഉദ്ഘാടനം ചെയ്യുകയും,സ്വന്തമായി ഭൂമിയുണ്ടാകുമ്പോൾ കെട്ടിടം പണിയാൻ എം എൽ.എ ഫണ്ടിൽ നിന്നു പണം അനുവദിക്കാമെന്ന് വാക്കു നല്കുകയും ചെയ്തു.എന്നാൽ ലൈബ്രറിയ്ക്ക് സ്വന്തമായി ഭൂമി വാങ്ങാനുള്ള സ്വപ്നം വേണ്ടത്ര പണം ഇല്ലാത്തതിനാൽ സഫലമാകാതെ നിൽക്കുകയാണ്.ശ്രീ.സി.എഫ് തോമസ് എം.എൽ.എയുടെ പാവന സ്മരണക്കു മുന്നിൽ അക്ഷര പബ്ലിക് ലൈബ്രറിയുടെ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

പറയാൻ ബാക്കിവച്ചത്



അജയൻ കുറ്റിക്കാട്ട്

ആമുഖം

കേരളീയ സമൂഹത്തിലെ വ്യത്യസ്ത മേഖലകൾക്കായി ജീവിതം സമർപ്പിച്ച ഒട്ടേറെ അത്യപൂർവ്വ വ്യക്തിത്വങ്ങൾ നമുക്ക് ചുറ്റുമുണ്ട്.സമൂഹനന്മയ്ക്ക് വേണ്ടി ഒരു കാലത്ത് തിളങ്ങി നിന്ന ആ നക്ഷത്രങ്ങൾ,ഒരു പൂവ് ചോദിച്ചപ്പോൾ ഒരു വസന്തം തന്നെ സമ്മാനിച്ച പുണ്യജന്മങ്ങളാണ്.കാലം തങ്ങളിലേല്പ്പിച്ച കടമ പൂർത്തീകരിക്കുമ്പോൾ സ്വന്തം ജീവിതം ദുരിതത്തിലാണ്ടുപോയത് ആ മിന്നാമിനുങ്ങുകൾ അറിഞ്ഞിരുന്നില്ല.

ചമയങ്ങളെല്ലാം അഴിച്ചുവച്ച് അരങ്ങിന് പിന്നിലേയ്ക്ക് മറഞ്ഞ ആ പ്രതിഭാധനർ പറയാൻ ബാക്കിവച്ചത് വർത്തമാനകാലത്തിന്റെഗൌരവമാ യ അന്വേഷണങ്ങൾക്കുവേണ്ടി ലേഖനസമാഹാരമായി സവിനയം ഞാൻ സമർപ്പിക്കുന്നു;മറഞ്ഞുപോയ നക്ഷത്രങ്ങളെ പ്രണമിച്ചുകൊണ്ട്.

ദേശാഭിമാനി,സദ് വാർത്ത എന്നീ ദിനപ്പത്രങ്ങളിലും,ഇന്ത്യാവിഷൻ, അമൃത ടിവി എന്നീ ചാനലുകളിലും പ്രവർത്തിച്ചിരുന്ന അജയൻ കുറ്റിക്കാട്ട് എഴുതിയ പറയാൻ ബാക്കിവച്ചത് എന്ന പുസ്തകം അക്ഷര ഡിജിറ്റൽ ത്രൈമാസികയിലൂടെ 19-അദ്ധ്യായങ്ങളായി പ്രസിദ്ധീകരിക്കുകയാണ്.

പ്രതിഭാധനരായവരുടെ യാതനപൂർണ്ണമായ ജീവിതസായാന്തനങ്ങളിൽ പറയാൻ ബാക്കിവച്ചത് പങ്കുവയ്ക്കുന്ന ഈ പുസ്തകം അക്ഷര ഡിജിറ്റൽ ത്രൈമാസികയിൽ പ്രസിദ്ധീകരിക്കുവാൻ അവസരം തന്ന അജയൻ കുറ്റിക്കാട്ടിന് അക്ഷര പബ്ലിക് ലൈബ്രറിയുടെ നന്ദി.



1 പാണൻ പറഞ്ഞ കഥ



ശാരംഗപാണി

സദാ ഒരു ചിരി പരന്നു കിടക്കുന്ന അമ്മയുടെ മുഖം പ്രസന്നമായിരുന്നു ജീവിതാവസാനംവരെ. അത്താഴം കഴിഞ്ഞ് ചാണകം മെഴുകിയ തറയിലമ്മയിരിക്കുമ്പോൾ മടിത്തട്ടിലേയ്ക്ക്തലവച്ച് പത്തുവയസ്സുകാരൻ ശാരംഗൻ കിടക്കും.

പുത്തൂരം തറവാട്ടിലെ വീരകഥകൾകേൾക്കാൻ ആ ധീരകഥകൾ മണ്ണിനെയും മരങ്ങളെയും പാടികേൾപ്പിക്കാനായി ജീവിതം നൽകിയ പാണനെക്കുറിച്ച് പറഞ്ഞാലും , പറഞ്ഞാലും തീരാത്ത കഥ കേൾക്കാൻ. വലുതാവുമ്പോ കഥ പറയുന്ന മറ്റൊരു പാണനാകണമെന്ന ആഗ്രഹവും നിറച്ച് അമ്മയെ നോക്കി അങ്ങനെ കിടക്കും.

അമ്മയുടെ മുടിയിലെ കാച്ചെണ്ണയുടെ ഗന്ധവും,ദേഹത്തെ വാസനസോപ്പിന്റെ മണവും വീരകഥകളോടൊപ്പം ശാരംഗന്റെ മനസ്സിലേയ്ക്കും നിറഞ്ഞെത്തും.

കഥ പറഞ്ഞ് തളർന്ന് അമ്മ ഉറക്കത്തിലേയ്ക്ക് മെല്ലെ ചായുമ്പോൾ പതിനെട്ട് കളരിക്കാശാന്മാരും, ചന്ദനക്കാതൽകടഞ്ഞെടുത്ത കരുത്തന്മാരും, മാനത്തൂന്ന് പൊട്ടിവീണ പെണ്ണുങ്ങളോടൊപ്പം അമ്മയെപ്പൊതിഞ്ഞ കാച്ചെണ്ണയും,വാസനസോപ്പും നുകർന്ന് മാനം നോക്കി കിടക്കുന്ന ശാരംഗനെന്ന കൊച്ചുപാണന്റെ കുഞ്ഞിക്കണ്ണിനു ചുറ്റും നൃത്തം വയ്ക്കും.പകലന്തിയോളം തൊണ്ടുതല്ലുന്ന ക്ഷീണംകൊണ്ട് അമ്മ കഥയ്ക്കിടെ ഉറങ്ങിപ്പോകും.

കഥ മുറിഞ്ഞ സങ്കടത്തോടെയെഴുന്നേറ്റ് നോക്കുമ്പോൾ കീറത്തഴപ്പായിൽ പരന്ന ചിരിയുമായി ഉറങ്ങുന്ന അമ്മയുടെ മുഖത്ത് ഓലക്കീറുകൾക്കിടയിലൂടെ വിരുന്നുവന്ന നിലാവെളിച്ചം വട്ടംവരയ്ക്കുന്നതു കാണാം.ആ കാഴ്ച മൂക്കിലേയ്ക്ക് ഇരച്ചുകയറുന്ന മറ്റൊരു അത്ഭുതത്തിനായി വഴിമാറും.

അടുത്ത വീട്ടിലെ കയറുപണിക്കാർക്കെല്ലാം മനം പുരട്ടുന്ന ചീഞ്ഞമണമാണ്. പക്ഷേ, അമ്മയ്ക്ക്,എന്റെഅമ്മയ്ക്ക് മാത്രം കാച്ചെണ്ണയുടെയും വാസനസോപ്പിന്റെയും മണം വിടർന്ന മൂക്കിന്റെ അത്ഭുതമടയുമ്പോൾഅകത്തുനിന്ന് അച്ഛന്റെ ചുമ കേൾക്കാം. ഒപ്പം തലേന്ന് വൈകിട്ട് അമ്മയോട് ദേഷ്യപ്പെട്ട അച്ഛന്റെ ചുമകൾക്കിടയിൽ വിറയ്ക്കുന്ന വാക്കുകളും ശാരംഗന്റെ മനസ്സിലേക്കെത്തും.
"റേഷൻ വാങ്ങണെ ഇനിയാരോടെങ്കിലും കടം മേടിക്കണം.പകലന്തിയോളം തൊണ്ടുതല്ലിയാ റേഷനുപോലും തികയില്ല . അപ്പഴാ അവടെ ഒരു ചന്ദ്രികാ സോപ്പ് ."
ദേഷ്യപ്പെടുന്ന അച്ഛനെ നോക്കാതെ ഓല മറയ്കു പിന്നിൽനിന്ന് പതിഞ്ഞ ശബ്ദത്തിൽഅമ്മ പറയും .
തൊണ്ട്ചീഞ്ഞ് കുറുകുറാ വെള്ളത്തീന്നു കേറി വരുമ്പോൾ നല്ലോണം മേല് കഴുകെണ്ടേ. കഴിക്കാനില്ലേലും രോഗം വരാണ്ടിരുന്നാ മതി.
ഈ ഒറ്റ മറുപടിയിൽ അച്ഛന്റെ ദേഷ്യം പമ്പ കടക്കും അപ്പോഴും നക്ഷത്രങ്ങൾ ചിരിക്കുന്ന മാനം നോക്കി ശാരംഗൻ കിടക്കുകയാവും.
അങ്ങനെ എത്ര രാത്രികൾ.
എത്ര കഥകൾ.
പുത്തൂരം തറവാടും പാണനും അങ്ങനെ അമ്മയുടെ മറ്റൊരു മുലപ്പാലുപോലെ എന്നിൽ നിറഞ്ഞു.
എന്റെ മനസ്സിന്റെ കാക്കത്തൊള്ളായിരം അറകളിലേയ്ക്ക് കഥയുടെ കൌതുകം അമ്മ നിറയ്ക്കുകയായിരുന്നു.
ശാരംഗൻ രണ്ടാം ക്ലാസ്സ് കഴിഞ്ഞു. പഠിപ്പ് നിർത്തി.പട്ടിണി വിടാതെ ചുറ്റുമ്പോൾ എന്തു പഠിപ്പ്.

പിന്നെ തയ്യൽ പഠിക്കാൻ തുടങ്ങി. ഒടുവിൽ നാലാളന്വേഷിക്കുന്ന തയ്യൽക്കാരനായി ആലപ്പുഴ ബസാറിൽ തുന്നൽപ്പീടികയും തുറന്നു. ഒപ്പം കമ്മ്യൂണിസ്റ്റുകാരനുമായി.

ആലപ്പുഴ പാതിരപ്പള്ളിയിലെ മലയാള കലാഭവനെന്ന വീട്ടിലെ മരക്കട്ടിലിൽ കിടന്ന് മുറിഞ്ഞ്,മുറിഞ്ഞുപോകുന്ന ഓർമ്മകളെ പാടുപെട്ട് വരുതിയിലാക്കി പോയ കാലത്തെ തിരക്കഥാകൃത്തായിരുന്ന ഇന്ന് സിനിമാ ലോകത്തിന് അന്യനായ, പുത്തൻതലമുറയുടെ സിനിമാക്കാഴ്ചകളിലൊന്നുമില്ലാത്ത ശാരംഗെന്ന ശാരംഗപാണി തന്റെ ജീവിതം പറയുകയാണ് ഒപ്പം പറയാൻ ബാക്കി വച്ചതും.

മുപ്പത്തിമൂന്ന് സിനിമയ്ക്ക് തിരക്കഥ എഴുതിയതിലൂടെ നാടറിഞ്ഞ കലാകാരനായിട്ടും ആ സൃഷ്ടികളെല്ലാം വിലപേശി പണമാക്കാൻ മറന്നതിലൂടെ ദാരിദ്ര്യം പിടികൂടിയ ജീവിത സായാഹ്നത്തിൽ, കലാലോകം കാട്ടുന്ന അവഗണനയോടുപോലും പകയും പരിഭവവും കാട്ടാതെ കയർ തൊഴിലാളി കുടുംബത്തിൽ പിറന്ന്, തയ്യൽക്കാരനും തിരക്കഥാകൃത്തുമായി മാറിയ സ്വന്തം കഥയുടെ അടുത്ത ഭാഗത്തിനായി ശാരംഗപാണി ഓർമ്മകളോട് യാചിക്കുമ്പോൾ രണ്ടാമെത്തെ മകൻ ബിജു കൈക്കുമ്പിൾ നിറയെ പല രൂപത്തിലുള്ള ഗുളികയുമായി ഓടിയെത്തി. അവസാന ഗുളികയുമിറക്കിക്കഴിഞ്ഞപ്പോൾ ബിജുവിനെ നോക്കി ശാരംഗപാണി പറഞ്ഞു.

"രോഗത്തെ തോല്പിക്കാനുള്ള ഓരോ പാഴ്ശ്രമം. "ഈ അവസാന കാലത്ത് സ്വാതന്ത്ര്യസമരസേനാനി പെൻഷൻ കിട്ടണംണ്ട് . അത് മുഴുവൻ മെടിക്കൽഷോപ്പില് കൊടുക്ക്വാ." ബിജു അകത്തെ മുറിയിലേയ്ക്ക് നടക്കുമ്പോൾ - വീണ്ടും ....

"അവൻ പണിയെടുക്കുന്ന കാശിനും വേണം മരുന്ന് ." പിന്നെ കട്ടിലിന്ന് മുകളിലെ ചിതലു കയറിയ പട്ടികക്കൂട്ടുകളിലേയ്ക്കായി നോട്ടം.

കാട്ടുതീയിൽ വെന്ത കാടു പോലെയാണീ മുറി. കരിഞ്ഞ പക്ഷിത്തൂവലുകൾക്കും പാതി വെന്ത മുഗാവശിഷ്ടങ്ങൾക്കും പകരം, ഒഴിഞ്ഞ മരുന്നുകൂടും ഫിനോയിൽ ഗന്ധവുമാണീ മുറിക്ക്. മനം മടുപ്പിക്കുന്ന ഈ അവസ്ഥയോട് ശാരംഗപാണി പൊരുത്തപ്പെട്ടിട്ട് വർഷം പത്തു കഴിഞ്ഞു.

ഇടയ്ക്ക് മുറിഞ്ഞ ഓർമ്മ മടക്കിക്കിട്ടിയ സന്തോഷത്തോടെ ശാരംഗപാണി തുടർന്നു. ആലപ്പുഴ ന്യൂ ബസാറിൽ ഞാൻ തുന്നൽക്കട തുടങ്ങി.

സമൂഹത്തിലെ മുഴുവനാളുകളും വരും കടയിൽ . ഞങ്ങൾ തയ്യക്കൊരെ അന്ന് മേസ്തിരീന്നും വിളിക്കും നാട്ടാര് . ഒരു റംസാൻകാലം കടയിലെ മുറി നിറയെ തുന്നി തീർക്കേണ്ട തുണിയുണ്ട്. രാപകലില്ലാതെ ഞാനെന്റെ ഉഷാ മെഷീനുമായി പടയോട്ടത്തിലാണ് രാത്രി പത്തു മണി കഴിഞ്ഞു കാണും.. രണ്ട് രാന്തല് കത്തുന്നുണ്ട് കടയില് ഇരുട്ടിൽ നിന്ന് തലയിലെ വട്ടക്കൊട്ട റാന്തൽ വെട്ടത്തിലേയ്ക്കിറക്കിവച്ച് തിളങ്ങുന്ന കറുപ്പഴകുമായി ഒരു സ്ത്രീ മുന്നിൽ. ആദ്യം ഞാനൊന്നമ്പരന്നു. കാരണം രാത്രിയിൽ ഒറ്റയ്ക്കൊരു സ്ത്രീ തുന്നൽക്കടേൽ നിക്കുവല്ലേ. ഞാൻ കാര്യം തിരക്കും മുൻപ് കൊട്ടേലെ ആഹാര സാധനങ്ങൾക്കിടേന്ന് അഞ്ചാറു മീറ്റർ നീളമുള്ള ജപ്പാൻ കോറത്തുണി നീട്ടി കരച്ചിലിന്റെ ഈണത്തോടെ അവർ പറഞ്ഞു.

"മേസിരി പൊലരുന്നത് പെരുന്നാളാ.ന്റെ സുൽത്താന്മാർക്കിത്തുണി കൊണ്ട് കുപ്പായം ഛുന്നിത്തരണം.

"ഭയംകൊണ്ട് പകച്ചിരുന്നു പോയ എന്നെ ശ്രദ്ധിക്കാതെ കൊട്ടേന്ന് തുണിയെടുക്കുമ്പോ തെറിച്ചു പോയ നെയ്യപ്പോം. മൂന്നാല് ചെറുപഴങ്ങളും പെറുക്കിക്കൊണ്ട് അവർ ആവലാതി തുടരുകയാണ്.

"മൂന്നുമണി ആയപ്പം തൊടങ്ങിയ നടപ്പാ. ആര്യാട്, കൊമ്മാടി . തുമ്പോളി, കടപ്പുറം ഒക്കെ അലഞ്ഞു. ഒറ്റ മേസിരീം സഹായിച്ചില്ല. ഇങ്ങളെങ്കിലും ദ് ഛുന്നിത്തരണം ന്റെ സുൽത്താന്മാർക്ക് ഞമ്മളെയുള്ളൂ. "

ഭയം മാറി ഞാൻ ചോദിച്ചു.

"പുള്ളാരുടെ അപ്പനെന്തിയെ?"

നിലവിളിയുടെ ഈണത്തിത്തെന്നെ മറുപടീം വന്നു.

"ന്റെ സുൽത്താന്മാർക്ക് വാപ്പയില്ല. "

"ങേ... അപ്പനില്ലെന്നോ ..."

എന്റെ അമ്പരപ്പ് ശ്രദ്ധിക്കാതെ കൈകൾ നെഞ്ചോടു ചേർത്ത് കറുപ്പഴക് പറഞ്ഞു.

"ബദരീങ്ങളാണെ സത്യം. നോമ്പിന്റെ അവസാനപ്പത്തിലാ ഞമ്മളിതു പറേണത്. "

"നിനക്ക് വാപ്പേം , ഉമ്മമൊന്നുമില്ല. പ വീട്ടില് ജോലിക്ക് നിക്കും. അങ്ങനെയൊക്കെ കിട്ടീതാ നാല് സുൽത്താന്മാരേം.

ആ കഥ അവർ പറഞ്ഞു.

മൂത്തതിനെ ഒരു പോലീസുകാരനാ തന്നത്. കടലീപ്പോണ വള്ളക്കാരു തമ്മിലുള്ള തർക്കം തീർക്കാനൊക്കൊണ്ടാ പോലീസുകാരൻ വന്നത്.

കൊട്ടേന്ന് പൊഴീണത് പെറുക്കാൻ. ഉടുക്കാക്കുണ്ടന്മാരോട് മല്ലടിച്ച്, ഞമ്മളും വള്ളത്തിനടുത്തു തന്ന ഒരച്ച് നിക്കും.

ബയറ് കായാതെ കഴിയണ്ടേ. അതിനുവേണ്ടിയാ പുലരും മുൻപുള്ള ഈ നിപ്പ് .

ഇരുട്ടില് ഞമ്മള് വരണെ കാണുമ്പോഴേ , അരേത്തികള് പറേം. " മുന്നും പിന്നും മീങ്കൊട്ട പോലെ ചാടിയ ഇവളെന്നാ ഭാവിച്ചോണ്ടാ "

നമ്മ കേക്കാണ്ട് നിക്കും. വാപ്പേം ഉമ്മേമില്ലാത്ത ഞമ്മടെ ബയറ് നിറയ്ക്കാൻ കൊട്ടേന്ന് പൊഴീണ മീനും പിന്നെ വല്യ ,വല്യ , പൊരേലെ തൂത്തുവാരലുമാ പട്ടിണി നീക്കണതെന്ന് അരേത്തിമാർക്ക് അറീല്ലല്ലോ.

ഒരിക്കല് തർക്കം തീർത്ത് വള്ളക്കാരും , പോലീസും തോളുമ്മേക്കയ്യിട്ട് കടപ്പുറം വിടുമ്പോ .ഉണ്ടക്കണ്ണും വള്ളത്തലപോലെ പിരിച്ച മീശേമുള്ള ഒരു പോലീസുകാരൻ എന്നെ നോക്കി. ഞമ്മള് വെറച്ചു പോയി.

അയാടെ പട്ടീസ് കെട്ടിയ കാലനെ തൊട്ടു നിക്കണ കാച്ചട്ടേടെ പോക്കറ്റിക്കയ്യിട്ട് തിരിച്ചിട്ട് എന്നോടു പറഞ്ഞു.

"ഇവരുടെ വക്കാണമൊന്നും തീർന്നില്ലാ. അതുകൊണ്ട് നീ കൂടെ വാ സ്റ്റേഷനിലേക്ക്."

ഞാനുടുത്തിരുന്ന കൈലിയെക്കൂടി മൂത്രംവീണു.

ഞമ്മളു വല്യ വായില് കരഞ്ഞു. കടലലറും പോലെ.

"ഒന്നുമറീല്ല ഏമാന്നേ, ഞമ്മക്കൊന്നുമറീല്ല."

അയാള് വള്ളത്തല ഒന്നൂടെപ്പിരിച്ച് ഉണ്ടക്കണ്ണുരുട്ടിപറഞ്ഞു.

"വാടീ ഇല്ലേ നിന്റെ ...."

പിന്നെപ്പറയാൻ മേലാത്ത പുളിച്ച തെറിയായിരുന്നു.

"ഞമ്മള് വട്ടീം തലേവച്ച് പൊറകേ . കടപ്പുറം കഴിഞ്ഞ് ചീമക്കൊന്ന വേലി തിരിച്ച ചൂണ്ടുവഴിയിലേക്ക് കേറുമ്പോ അയാളെന്നെ..." അങ്ങനെണ്ടായതാ എന്റെ ആദ്യത്തെ സുൽത്താൻ . പിന്നെത്തെ മൂന്നും വേലയ്ക്കു നിന്ന വീടുകളിലെ മൊതലാളിമാരുടെതുമാ മേസിരി.

"ഇതാണ് വാപ്പേന്ന് പറയാൻ ന്റെ സുൽത്താന്മാർക്കാരൂല്ല. " ഞമ്മളു മാത്രമേയുള്ളൂ ." അതുവരെ ചിലച്ചുകൊണ്ടിരുന്ന തയ്യൽ മെഷീൻ പൊടുന്നനെ നിന്നു. "ജീവിതകഥ പറഞ്ഞു കൊണ്ട് ഇരുട്ടത്ത് ഇരിക്കുന്ന സ്ത്രീയെ നോക്കി ചോദിച്ചു.

"എന്താ നിങ്ങടെ പേര് ?"

"സുഹറ". അവർ പറഞ്ഞു.

വീണ്ടും മെഷീൻ ചിലക്കാൻ തുടങ്ങി.

മറ്റുള്ള തുണിയൊക്കെ ഞാൻ മാറ്റിവച്ചു. പിള്ളാരുടെ പ്രായം ചോദിച്ചു. പിന്നെ തുണി മുറിച്ചു കൊണ്ടിരിക്കുമ്പോൾ സുഹ്റ അവളുടെ ബാക്കി കഥ പറഞ്ഞുകൊണ്ടിരുന്നു. അപ്പോൾ എന്റെ മനസ്സിലേയ്ക്ക് എവിടുന്നോ കാച്ചെണ്ണയും വാസനസോപ്പും നിലാവെളിച്ചവും ആർത്തു വന്നു. നേരം പുലർന്നു. കടയ്ക്കു വെളിയിലെ തൂണിൽ ചാരി കഥ പറഞ്ഞ തളർച്ചയോടെ സുഹ്റ . കുപ്പായം വാങ്ങി കൊട്ടയിലാക്കി സുഹ്റ മടങ്ങി. പൊള്ളുന്ന യാഥാർത്ഥ്യങ്ങൾ എത്ര ലാഘവത്തോടെയാണ് ഈ സ്ത്രീ പറഞ്ഞത്. സുഹ്റയുടെ ജീവിതം എന്നിലെ കഥാകാരനെ ഉണർത്തി.രണ്ടറ്റവും കത്തുന്ന മെഴുകുതിരിപോലെ ഉരുകിത്തീരുന്ന സുഹ്റയുടെ ജീവിതം ഞാൻ നാടകമാക്കി , ആദ്യസൃഷ്ടിയായി 'ബല്ലാത്ത ദുനിയാവ്' പിറന്നു. ഹോട്ടൽ തൊഴിലാളി യൂണിയനുവേണ്ടി സിവിൽ ജയിൽ മൈതാനത്ത് സെയ്ത്തൻ ജോസഫ് സംവിധാനം ചെയ്ത് നാടകം അരങ്ങേറി. നാടകം കണ്ട കേരളജനത ചോദിച്ചു : "ഹോ ... ഇങ്ങനേം ജീവിതമോ?" എന്നെ കഥാകാരനും , തിരക്കഥാകൃത്തുമാക്കിയ റംസാൻ കാലത്തിനും സുഹ്റയ്ക്കും എന്റെ അമ്മയ്ക്കും നന്ദി. നാടകവുമായി ഞാനലഞ്ഞു. ഒപ്പം സഹോദരിയും ഗായികയുമായാ മേദിനിയും നാടകം കളിക്കുന്നുണ്ട്. പക്ഷേ , ഞാൻ പട്ടിണിക്കാരനായിക്കൊണ്ടിരുന്നു. ഓർമ്മകൾ വീണ്ടും ചരടു പൊട്ടിയ പട്ടംപോലെ പറന്നകന്നു.

മുഷിഞ്ഞ വസ്ത്രം പോലെ കട്ടിലിൽ കിടന്ന് സ്വന്തം കഥ പറയുന്ന കഥാകാരന്റെ കൺകോണിലേക്ക് ഒരു അതിഥിയെത്തി. മെല്ലെ ഉരുണ്ട് അത് നരച്ച മുടിയെ സ്പർശിക്കുമ്പോൾ നോട്ടം ജനലഴി കടന്ന് പ്രിയതമ പ്രശോഭിനിയുടെ കുഴിമാടത്തിലേയ്ക്കു നീണ്ടു. ഈകാഴ്ച മാത്രമാണിന്ന് ശാരംഗപാണിക്കാശ്വാസം.

പിന്നെ നോട്ടം ചുമരിലേക്കായി. ഒടുവിൽ മെല്ലിച്ച വിരലുയർത്തി പറഞ്ഞു " കണ്ടോ, ഈ ഭിത്തി നിറയെ എനിക്ക് കിട്ടിയ പുരസ്ക്കരങ്ങളുണ്ടായിരുന്നു. ഇടയ്ക്ക് കാണാൻ വന്നവരൊക്കെ ഇപ്പത്തരാംന്ന് പറഞ്ഞ് കൊണ്ടുപോയി. ചോദിച്ചു വാങ്ങാൻ എനിക്കാവില്ലല്ലോ. ഇപ്പോഴിവിടെ പാലാട്ട് കുഞ്ഞിക്കണ്ണൻ എന്ന സിനിമയുടെ ഷീൽഡ് മാത്രമാണുള്ളത്. "

വിരുന്നു വന്ന തളിർക്കാറ്റേലെ ഓർമ്മയെത്തി ശാരംഗപാണി തുടർന്നു. ങാ ... ആ സമയത്ത ഉദയായിലെ കുഞ്ചാക്കോ പുതിയ സിനിമയ്ക്ക് എഴുത്തുകാരനെ തേടുകയായിരുന്നു. പലരും വന്നു. കുഞ്ചാക്കോയ്ക്ക് എഴുത്ത് ഇഷ്ടപ്പെട്ടില്ല. ഒടുവിൽ എന്നെ വിളിച്ചു. ഒരു നോവൽ തന്നു. തിരക്കഥയാക്കാൻ പറഞ്ഞു. ഞാൻ കണ്ട സാഹചര്യങ്ങളുടെ ആത്മബലത്തിൽ ഞാനങ്ങെഴുതി. അങ്ങനെ എന്റെ ആദ്യ ചിത്രം " ഉമ്മ " പുറത്തിറങ്ങി നൂറ്റിയൊന്ന് ദിവസേട എഴുത്തിന് ഒരു ദിവസം മൂന്നു രൂപ വച്ച് തൊണ്ണൂറു രൂപ പ്രതിഫലം കിട്ടി. ആ വിജയ ലഹരിയിൽ അമ്മ തന്ന വടക്കൻപാട്ട് കഥകളും ഉണർന്നു തുടങ്ങി. ആദ്യ കഥ " ഉണ്ണിയാർച്ച "കുഞ്ചാക്കോയോട് പറഞ്ഞു. പിന്നങ്ങോട്ട് എട്ട് വടക്കൻ പാട്ട് കഥകൾ വേറെയും ഒക്കെയും ഹിറ്റ്.

അതോടെ മറ്റ് കഥകളും എഴുതിത്തുടങ്ങി. താര , പോസ്റ്റ്മാനെ കാണാനില്ല,മാ നിഷദാ ,തേനരുവി, പാവങ്ങൾ പെണ്ണുങ്ങൾ, ചെന്നായ് വളർത്തിയ കുട്ടി അങ്ങനെ കുറേ ചിത്രങ്ങൾ.

വടക്കൻ പാട്ട് കഥകളിൽ കടത്തനാടൻ അമ്പാടിയായിരുന്നു വലിയ പ്രതിഫലം. 40,000 രൂപ. തുമ്പോലാർച്ച , കണ്ണപ്പനുണ്ണി, കടത്തനാട്ട് മാക്കം, പാലാട്ട് കുഞ്ഞിക്കണ്ണൻ, പാലാട്ട് കോമൻ , ആരോമലുണ്ണി ആ കഥകളിലൂടെ ഞാനുമൊരു പാണനായി മാറുകയായിരുന്നു.

1982 കാലത്തോടെ എന്റെ കഥ വേണ്ടാതായി. ആരോടും യാചിക്കാൻ എനിക്ക് മനസ്സുമില്ലായിരുന്നു. ധീരന്മാരുടെ കഥയെഴുതിയ എന്നിലുമുണ്ടല്ലോ ഒരു ധീരൻ അതാവാം കാരണം. സിനിമ കുറഞ്ഞപ്പോൾ ഭാര്യേം മക്കളും സഹോദരി മേദിനിയുമായി ചേർന്ന് മലയാള കലാഭവൻ സമിതി തുടങ്ങി. സമിതിയുടെ ശരം, മത്സരം എന്നീ നാടകങ്ങൾ ഹിറ്റായിരുന്നു. 2001-ൽ ഭാര്യ പ്രശോഭിനി മരിച്ചതോടെ സമിതിയും നിർത്തി.

ഓർമ്മ വീണ്ടുമലയാൻ തുടങ്ങിയപ്പോൾ ബിജു അടുത്ത മരുന്നുമായെത്തി. സിനിമാ - സീരിയലുകാർക്ക് ക്രെയിൻ വാടകയ്ക്ക് കൊടുത്താണ് ബിജു കുടുംബം പോറ്റുന്നത്.

നഗരത്തലയ്ക്കലെ അങ്കത്തട്ടിൽ ആകാംക്ഷയുടെ വാൾ മുനകൾ പായിച്ച കഥാകാരെന്റെ വിരലുകൾ മരക്കട്ടിലിൽ താളം പിടിക്കുന്നു.

പുറത്തുവരാത്ത ഏതോ ഈണം ഉള്ളിലുണ്ടാവാം.

"ചേട്ടൻ ബൈജു ഒറീസ്സയിലാണ്. ഞാനും സഹോദരി ജുലയും കലയും അടുത്തടുത്താണ് താമസം. പിന്നെ കലയുടെ ലോകം കണ്ടു മടുത്തവരാ ഞങ്ങൾ . അതുകൊണ്ട് ഞങ്ങളോട് എന്ത് അവഗണന കാട്ടിയാലും ഞങ്ങൾക്ക് ഒരു പരാതീമില്ല. "

മരുന്നു കൊടുത്തശേഷം ബിജുവിന്റെ പറച്ചിലിങ്ങനെ നീണ്ടു. കഥാകാരൻ ചെരിഞ്ഞു കിടന്ന് എന്നെ നോക്കി. കൃഷ്ണൻനായരും, കുഞ്ചാക്കോയും,വിൻസെന്റും, സേതുമാധവനും കഥ കേൾക്കാൻ കൊതിച്ച ചുണ്ടുകൾ വീണ്ടും പറഞ്ഞു തുടങ്ങി.
"ഒടുവിൽ ഞാനെഴുതിയ "കുടമല കുങ്കി" എന്ന കഥ ഹരിഹരൻ വാങ്ങിയിരുന്നു. ഇതുവരെ സിനിമയായില്ല. ഇപ്പൊ ഇറങ്ങിയാലും അത് റിക്കാർഡ് ഭേദിക്കും ഉറപ്പ്. "പിന്നെ എന്റെ കഥാപാത്രങ്ങളെ കേമന്മാരക്കിയ സത്യനും ,നസീറും,ഉമ്മറും, തിക്കുറിശ്ശിയും ,വിജയശ്രീയുമൊക്കെ പോയില്ലേ. എന്തിനേറെ. എന്നെ ഞാനാക്കിയ ഉദയാ സ്റ്റുഡിയോയും പോയി. പകരമിപ്പോൾ ഒരു പുതിയ കമ്പനിയുണ്ടവിടെ. വി.ടി.ജെ. ഫിലിം സിറ്റി ന്നാണ് പേര്. അങ്ങോട്ടെങ്ങും ഞാൻ പോകാറില്ല ഇവിടിപ്പോ എടയ്ക്കെങ്കിലും എന്നെ അന്വേഷിച്ചെത്തുന്നത്. എസ് .എൽ പുരം സദാനന്ദൻ മാത്രം. ഞങ്ങളൊക്കെ ഒത്തിരി അനുഭവമുള്ളവരാ . അനുഭവമുള്ളവർക്ക് ഒന്നും മറക്കാൻ കഴിയൂലാ . "

പറയാൻ ബാക്കിവെച്ചത്

"ഇന്നു കാണുന്നവരെ മാത്രം വണങ്ങുന്നതാ കലാലോകം കുട്ടികൾക്കായി എന്തെങ്കിലും കരുതി വച്ചിട്ടേ കലയ്ക്കുവേണ്ടി ജീവിതം കൊടുക്കാവൂ. അല്ലേൽ ശിഷ്ടജീവിതം ദു:ഖം മാത്രമേ തരൂ.

പിന്നെ എന്റെ ഒൻപത് വടക്കൻപാട്ട് സിനിമയിൽ ഉണ്ണിയാർച്ചേം പാലാട്ട് കോമനും മാത്രമാ ഒർജിനൽ. ബാക്കിയേഴും വെറും ഭാവന മാത്രമായിരുന്നു."



അടുത്ത ലക്കത്തിൽ ....

2

നക്ഷത്രങ്ങളുടെ സ്വന്തം

സൈമൺ ബ്രിട്ടോ

സ്നേഹ സ്പർശം







റവ.ഫാ.ജെസ് വിൻ യെദിചാക്കോ
ഛത്തീസ്ഗഡ് മിഷണറി

കഴിഞ്ഞ ദിവസങ്ങളിൽ സോഷ്യൽ മീഡിയകളിൽ ശ്രദ്ധേയമായ ചിത്രവും അതിലെ കുറിപ്പുകളും ലോകമെങ്ങും പരന്നു,അത് ഇങ്ങനെയാണ്.ഒരു ആശുപത്രി വരാന്തയിൽ നാല് നായ്ക്കൾ വളരെ ജാഗ്രതയോടുകൂടി ആശുപത്രി വാതിലിലേയ്ക്ക് പ്രതീക്ഷകളോടെ നോക്കുന്നു.കാരണം ഇതാണ് തെരുവിൽക്കിടന്ന ഒരു ബാലൻ വാഹനാപകടത്തെ തുടർന്ന് ICU-വിലാണ്.ബാലന്റെ വരവും കാത്ത് നിൽക്കുന്ന നാല് നായ്ക്കൾ തങ്ങളുടെ സഹോദരൻ, സുഹൃത്ത് തിരിച്ചു വരും എന്നുള്ള ശുഭ പ്രതീക്ഷയാണ് അവരിലുള്ളത്.എന്താണ് ഇതിന് കാരണം? അവർ തമ്മിലുള്ള സ്നേഹത്തിന്റെ ആഴമായ ദർശനം.

എന്താണ് സ്നേഹം?സ്നേഹത്തിന് ഉപയോഗിച്ചിരിക്കുന്ന എബ്രായ പദമായ 'ആഹേബ്'(aheab)എന്ന വാക്കിന് വിപുലമായ അർത്ഥവ്യാപ്തിയാണുള്ളത്.എന്നാൽ ഗ്രീക്ക് ഭാഷയിൽ സ്നേഹത്തിന്റെ വിവിധ രൂപങ്ങളേയും,ഭാവങ്ങളേയും വിവരിക്കുവാൻ വ്യത്യസ്ത പദങ്ങളാണ് ഉപയോഗിച്ചിട്ടുള്ളത്. (ഒരു മാതാവും കുഞ്ഞും തമ്മിലുള്ളതു പോലെ)'ഫീലിയാ'(philia)സ്നേഹിതരും ഒരേ ചിന്താഗതിക്കാരും തമ്മിലുള്ള ഇഷ്ടത്തെയാണ് സൂചിപ്പിക്കുന്നത്. (അല്ലെങ്കിൽ എന്തിനോടെങ്കിലുമുള്ള ഇഷ്ടം)'ഇറോസ്'(eros)വിശേഷിച്ചും ലൈംഗിക സ്നേഹത്തിലുള്ള കാമത്തിന്റെ ആകർഷണം എന്ന അർത്ഥം നൽകുന്നു.എന്നാൽ ഗ്രീക്ക് ഭാഷയിൽ 'അഗപ്പെ'(agape)എന്ന നാമ പദമാണ് 'ക്രിസ്തു'വിലൂടെ വെളിപ്പെട്ടതും.ക്രിസ്തീയജീവിതത്തിന്റെ ശൈലിയും പ്രേരകശക്തിയുമായ സ്വയം നൽകുന്ന ദൈവസ്നേഹത്തെ വിവരിക്കുവാൻ സെപ്റ്റജന്റിന്റെ പുതിയ നിയമവുമാണ് ഉപയോഗിച്ചിട്ടുള്ളത്.

ഈ നാലുതരം സ്നേഹങ്ങളും പൊതുവായി ഒരേ സമയം തന്നെ സൂചിപ്പിക്കുന്നത് വൈകാരികമായ ഒരു ആന്തരിക അവസ്ഥയെയോ ഹൃദയത്തിന്റെ ഒരി അവസ്ഥവിശേഷണത്തെയോ ആണ്.അതോടൊപ്പം തന്നെ സ്നേഹത്തിന് പാത്രീഭൂതമായിരിക്കുന്ന കാര്യത്തോടൊ,വ്യക്തിയോടൊ,വ്യക്തികളോടൊ ഉള്ള പ്രത്യേക മനോഭാവം,ചിന്താരീതി,സ്വഭാവരീതി,പ്രവർത്തനം,പ്രതിപ്രവർത്തനം എന്നിവയെയും അത് സൂചിപ്പിക്കുന്നു.സഹോദര/സഹോദരി സ്നേഹങ്ങൾ മതങ്ങൾക്കകത്ത് തളച്ചിടാനുള്ളതല്ല മറിച്ച് സ്നേഹത്തിലൂടെ ധൈര്യമെന്ന പങ്കായം കൊണ്ട് മാത്രം തുഴഞ്ഞ് ഒരു ചുഴിയിലും പെട്ടുപോകാതെ കരപറ്റിയതിന്റെ അനുഭവങ്ങളായി മാറാൻ ഇടയാകണം.

കേരളത്തിൽ അരങ്ങേറിയ വെള്ളപ്പൊക്കവും,കൊറോണയും വേദനകൾ നൽകിയതോടൊപ്പം ചില തിരിച്ചറിവുകളും നല്കി.വസ്ത്രം ഇല്ലാത്തവർക്ക് തന്റെ കടയിലുള്ള പുതുവസ്ത്രങ്ങൾ നൽകി,വള്ളത്തിൽ കയറാൻ ബുദ്ധിമുട്ടിയ ആളുകൾക്ക് സ്വന്തം മുതുകിൽ ചവിട്ടി കയറാൻ അനുവാദം ന്ല്കുകയും ചെയ്തു.ഓരോരുത്തരുടെയും മൊബൈൽ ഫോൺ ഒരു വലിയ മാധ്യമമായിത്തീർന്നു.സ്വന്തം ഭവനത്തിലുള്ള ആളുകൾ വൈറസിനെ ഭയപ്പെട്ട്,തങ്ങളെ ഉപേക്ഷിച്ചപ്പോൾ ക്വാറന്റൈൻ സെന്ററുകൾ തുറന്നു നല്കി.സ്വയം സേവകരായി അനേകർ മുന്നോട്ട് വന്നു.ഇവയെല്ലാം കേരളത്തിൽ പുതിയ സ്നേഹത്തിന്റെ തീവ്രമായ വ്യത്യസ്ത ഭാവങ്ങൾ നൽകുന്നു.

ആനുകാലിക ലോകം പലപ്പോഴും അനുഭവിച്ചറിഞ്ഞ പാഠങ്ങൾ മറന്നു പോകുന്നു.മാതൃ,പിതൃ,സഹോദരസ ഹോദരി സ്നേഹബന്ധം ഇന്ന് നഷ്ടപ്പെട്ടിരിക്കുന്നു.പറയുന്ന വാക്കിനോടൊരാൾ പുലർത്തുന്ന വിശ്വസ്തയാണ് അയാളുടെ വിശ്വസ്ത അളക്കാനുള്ള മാനദണ്ഡം.മോശമായ വാക്കുകൾ നമ്മെ വിവസ്ത്രരാക്കുന്നു.ഒരാൾ ക്ഷോഭിക്കുമ്പോൾ ആകണം അത് കൂടുതൽ സത്യമാകുന്നത്. ഇങ്ങനെയാണ് പല സ്നേഹബന്ധങ്ങളും വേർപ്പെട്ടുപോകുന്നത്.

മക്കൾ ശരിയുടെ പക്ഷത്തല്ലെന്നറിഞ്ഞാൽ മക്കളെ ചേർത്തു പിടിച്ചുകൊണ്ടു തന്നെ ശരിയോടു ചേർന്നു നിൽക്കുന്ന അമ്മമാരുടെ കരുതലും നന്മയും നമ്മൾ കാണാതെ പോകരുത്.അത് മക്കളോട് സ്നേഹമില്ലാഞ്ഞിട്ടല്ല,അവരെ ശരിയിലേയ്ക്കെത്തിക്കുവനാണ്.

കന്മദം- എന്ന വാക്കിനർത്ഥം കടുംപാറ യ്ക്കുള്ളിൽ തെളിനീരുണ്ടെന്നതു തന്നെ.ആർദ്രതയുടെ ഒരു തെളിനീരുവി അഗാധങ്ങളിൽ ഒഴുകാത്ത മനസ്സുകളുണ്ടാകുമോ? ഉണ്ടെന്നൊക്കെ നമ്മളങ്ങു തീരുമാനിക്കുന്നതാണ്.മനുഷ്യരുടെ നന്മയിൽ നമ്മുക്ക് വിശ്വാസമില്ലാഞ്ഞിട്ടും ഉപാധികൾ വച്ച് അവരെ സ്നേഹിക്കുന്നതുകൊണ്ടുമൊ ക്കെയാണത്.നമ്മുക്ക് തീരെ ഇഷ്ടം തോന്നാത്ത ഒരാൾക്കുമുണ്ടല്ലോ ഗാഢമായ സ്നേഹബന്ധങ്ങൾ! ഓരോരുത്തരും പുറമെ കാണിക്കുന്ന ഈ പാരുഷ്യങ്ങളൊക്കെ ഓരേതരം മുഖമൂടികൾ തന്നെയാണ്.ഉടയ്ക്കാത്ത നാളികേരം പോലെ.ആ പുറംതോടു പൊട്ടിച്ചാൽ ഉള്ളു നിറയെ മധുരകാമ്പും നീരുമുണ്ട്.

മീതെ കാണുന്ന ആ പുറംതോടെങ്ങനെ പൊട്ടിക്കണമെന്നുള്ളതാണ് പ്രധാനം. ശാഠ്യങ്ങളുടെ കൂടങ്ങൾകൊണ്ടടിച്ചല്ല, സ്നേഹത്തിന്റേയും, നിഷ്കളങ്കതയുടെയും, തൂവൽസ്പർശങ്ങളിലൂടെ മാത്രമേ വേറെയൊരാളുടെയുള്ളിലെ സ്നേഹപ്രവാഹങ്ങൾ പുറത്തേയ്ക്കു ചാലുകീറി ഒഴുകുകയുള്ളൂ.

ഇന്ന് നമുക്കുള്ളവർ സ്നേഹിക്കുന്നു, കരുതുന്നു എന്നു പറയുന്നവർ ആയിരിക്കയില്ല നമുക്കൊരു ആപത്ത് വരുമ്പോൾ ആദ്യം ഉണ്ടാവുക എന്ന തിരിച്ചറിവ് എല്ലാവർക്കും ഉണ്ടാകണം.ആരെയുംവിലകുറഞ്ഞവരായി കാണാതിരിക്കുക. ഓരോ ദിനവും വ്യത്യസ്തങ്ങളാണ്. വ്യത്യസ്തമായി തീരണം എന്നായാഗ്രഹിക്കുന്നവർക്ക് അത് ഏറെ പുതുമായുള്ളതായിരിക്കും.

നമ്മൾ ബന്ധപ്പെടുന്ന മനുഷ്യരാരുമാകട്ടെ നമ്മുടെ ഇടപെടലുകൾ വഴി അവർക്കുള്ളിലെ നനവിനെ പുറത്തുകൊണ്ടുവരാനാകണം. ഒരു ചെറുപുഞ്ചിരി കൊണ്ടുപോലും നമുക്ക് അതിന് കഴിയണം. നമ്മുടെ സ്നേഹബന്ധങ്ങളിലൊക്കെ,സംഭവിക്കേ ണ്ടതിതാണ്.ഓരോരുത്തരുടേയും,ഉള്ളിലെ നന്മയെ ഖനനം ചെയ്തെടുക്കുവാൻ നമുക്ക് കഴിയണം.

" നിന്നിൽ നന്മയില്ലാഞ്ഞിട്ടല്ല. നിന്നിലെ നന്മയെ ഉണർത്തൻ മാത്രം സ്നേഹവും വിശ്വാസവും എനിക്കില്ലാത്തതാണ് പ്രശ്നം "



ശ്രീബുദ്ധ സന്ദേശം

പി.എം.ചാക്കോ
മാമ്മൂട്

മാനവ ദുഃഖത്തിൻ ഹേതു തേടി
ഹിമവൽ സാനുക്കളങ്ങോമനിക്കും
കൊട്ടാരക്കെട്ടും സ്വപുത്രനേയും
വല്ലഭയാകും യശോധരയെ

പൂവൽ മെത്തയിലുപേക്ഷിച്ചിട്ടാ-
ഹേമന്തരാത്രി തന്നന്ത്യയാമം
കൊട്ടാരം വിട്ടങ്ങിറങ്ങുംമുമ്പേ
സിദ്ധാർത്ഥൻ നിന്നതിഖിന്നനായ്

പിന്നെയവൻ ചെന്നുനിന്നു
നിദ്രയിലാണ്ട തൻ പുത്രൻ മുമ്പിൽ
സ്നേഹം നിറഞ്ഞ മനസ്സുമായി
പുത്രന്റെ നെറ്റിമേൽ ചുംബിച്ചിട്ട്

മർത്യന്റെ സേവയതൊന്നു മാത്രം
ലക്ഷ്യമായ് കണ്ടവൻ യാത്രയായി
ഭിക്ഷയെടുക്കേണ്ട പാത്രമൊന്ന്
വിസ്മരിക്കാതവൻ കൈയിലേന്തി

കൊട്ടാരം നൽകും സുഖങ്ങളെല്ലാം
പാടെ ത്യജിച്ചവൻ ത്യാഗിയായി
സിദ്ധാർത്ഥൻ മാത്രമായിരക്കാ-
മിഹലോകസുഖങ്ങൾ വെടിഞ്ഞൊരുവൻ

മാവ ദുഃഖത്തിൻ ഹേതു തേടി
സിദ്ധാർത്ഥനേറെയലഞ്ഞുലകിൽ
ഭിക്ഷയെടുത്തങ്ങലഞ്ഞ ശേഷം
ഭിക്ഷുവാം സിദ്ധാർത്ഥൻ ചെന്നിരുന്നു

ബോധിവൃക്ഷമെന്നുപേരുകേട്ട
കാട്ടിലെവൃക്ഷചുവട്ടിലായി
ജലപാനംപോലുമില്ലാതെ
യവൻചിന്തയിലാണ്ടിരുന്നേരെനാള്

മർത്യന്റെ ദുഃഖമകറ്റിടാനായിട്ടെ
ന്തു പരിഹാരമെന്നറിയാൻ
ചിന്തിമ്പുചിന്തിമ്പിരുന്നെതിനാൽ
നാളുകൾ പോയതറിഞ്ഞതില്ല

ഘോരനാമർക്കന്റെ താപമേറ്റാ
കാനനംതന്നെ തപിച്ചു നിന്നു
മാമല തന്നിട നെഞ്ചുപൊട്ടി
താഴെക്കൊഴുകിയരുവികളും

വറ്റി വരണ്ടുപോയറ്റുവെള്ളം
മൊത്തിക്കുടിപ്പതി തില്ലാതായി
എന്നുമാ കാട്ടിലെങ്ങടുമേയ്ക്കാൻ
ചണ്ഡാലബാലനൊരുവനെത്തും

സാകൂതം വീക്ഷിച്ചു നിൽക്കുമവൻ
ഘോരതാപംസനാം മാനുഷിയെ
ഒരു നാളാ താപസൻ ബോധമറ്റു
താഴെക്കിടക്കുന്ന കാഴ്ച കണ്ട്

ഞെട്ടിത്തരിച്ചവൻ നിന്നു പോയി
നിശ്ചേഷ്ഠനായിയങ്ങല്പ നേരം
പിന്നെ പൂർവ്വസ്ഥിതി വീണ്ടെടുത്തു
കർമ്മനിരതനായ് തീർന്നതിനാൽ

ബോധരഹിത നാം സാത്വികന്റെ
ജീവൻ രക്ഷിക്കണമെന്നുറച്ച്
ചണ്ഡാലബാലകൻ വെള്ളത്തിനായ്
ഓടിയരുവിയെ ലക്ഷ്യമാക്കി

നിരാശ ചിത്തനനായ് തീർന്നു ബാലൻ
വറ്റി വരണ്ടയരുവികാൺകെ
പിന്നെയവനോടി ചെന്നടുത്തു
പാൽ ചുരത്തുന്നൊരജത്തെ തോളിൽ

ബദ്ധപ്പെട്ടെത്തിച്ചജത്തെയവൻ
ബോധരഹിതന്റെ ചാരത്തായി
നേരെ കറന്നു പാൽ ചുണ്ടിൽ വീഴ്ത്തി
പിന്നെ തീണ്ടാദൂരം മാറി നിന്നു

ഉള്ളിലുണ്ടായ ഭയംകൊണ്ടാകാം
ചണ്ഡാലനാകെ പകച്ചു നിന്നു
അല്പം കഴിഞ്ഞ ങ്ങാ താപസന്റെ
കണ്ണുകൾ ചിമ്മിത്തുറന്നു വന്നു

നേരെയിരുന്ന വൻ വൃക്ഷംചാരി
നിദ്രയിൽ നിന്നുണർന്നെന്നപോലെ
പിന്നെ പരതിയാകൺകൾ ചുറ്റും
എന്തോ തെരയുന്നന്നപോലെ

കണ്ടവൻ ദൂരത്തായ് മേഘവർണ്ണ
കായനാം ചണ്ഡാലബാലകനെ
ബോധോദയം വന്ന ബുദ്ധദേവൻ
കൈ കൊണ്ടുമാടി വിളിച്ചവനെ

തെല്ലൊന്നു ശങ്കിച്ചു നിന്ന ശേഷം
ചണഡാലനെത്തി കരങ്ങൾ കൂപ്പി
തീണ്ടാം ദൂരത്തവൻ നിന്നു കൊണ്ട്
വേപുതുപൂണ്ട സ്വരത്തിലോതി

"അങ്ങു പൊറുക്കണം ഹീനമായ
ഞാൻ ചെയ്തു പോയതാം പാതകത്തെ"
ബുദ്ധൻ മൊഴിഞ്ഞതി സൌമ്യനായി
"ഹീനരായില്ലാരുമീയുലകിൽ

ചൂഷകരാരോ പറഞ്ഞു വച്ച
വിഡ്ഢിത്വം മാത്രമായി കണ്ടിടേണം
മാനവ ബോധപ്രചോദത്താൽ
നീ ചെയ്ത കർമ്മമോ പുണ്യം തന്നെ"

ലേഖനം

നവ മാധ്യമകാലത്തെ പത്രപ്രവർത്തനം



ജോസ് ചമ്പക്കര

ലോകം ഒരു വിരൽത്തുമ്പിൽ...ഒരു സ്പർശനം മാത്രം മതി അനേക മേഖലകളിലെ വിവരങ്ങൾ ഒഴുകിയെത്താൻ,വിവരസാങ്കേതികവിദ്യ വൻ കുതിച്ചുച്ചാട്ടം നടത്തിക്കൊണ്ടിരിക്കുന്ന ആധുനിക കാലത്ത് ലോകം തന്നെ 'ഒരു ചിപ്പിനുള്ളിൽ വലയം കൊണ്ടപോലെയാണ്, കമ്പ്യൂട്ടർ നിർവ്വഹിച്ചതിനെക്കാൾ പതിൻമടങ്ങ് സാധ്യതയാണ് സ്മാർട്ട് ഫോണുകളുടെ വരവോടെ ഉണ്ടായത്.കമ്പ്യൂട്ടറുകളെക്കുറിച്ച് മനുഷ്യൻ മുമ്പേ ചിന്തിച്ചിരുന്നു എന്നതിന് തെളിവാണ് ബി.സി.ഒന്നാം നൂറ്റാണ്ടിൽപ്പോലും Tally Stic രൂപത്തിലുള്ള ഉപകരണങ്ങൾ വച്ച് മനുഷ്യൻ കണക്കുകൾ കൂട്ടിയിരുന്നത്.വിവരസാങ്കേതികവിദ്യയെ സംബന്ധിച്ച് അതിന്റെ വിശാല ലോകം സോഫ്റ്റ് വെയറുകൾ,ഹാർഡ് വെയറുകൾ,പ്രോഗ്രാമിംഗ്,ഭാഷകൾ,ഡേറ്റ കൺസ്ടക്ടറുകൾ മുതലായവ കൊണ്ട് ലക്ഷ്യ പൂർത്തീകരണം കൈവരിക്കുന്നു.

വിവരങ്ങളുടെ സ്വതന്ത്ര ലോകം

സോഷ്യൽ നെറ്റ് വർക്കിംഗ് മേഖല വികാസം പ്രാപിച്ചതോടെ വിവരങ്ങൾ അതിന്റെ കൂടുതുറന്ന് ലോക വിഹായസ്സിൽ പറക്കാൻ തുടങ്ങി.ഒരു ശക്തിയ്ക്കും ഇനിമേൽ അതിനെ തിരിച്ചു ബന്ധിക്കാൻ സാധ്യമാണോ?എന്നത് സംശയമാണ് ശരവേഗത്തിലല്ല..പ്രകാശവേഗത്തിലാണ് അത് പരക്കുന്നതെന്നു പറഞ്ഞാൽ അതിശയോക്തിയില്ല.

ഏതാണ്ട് 38 വർഷം കൊണ്ടാണ് റേഡിയോ എന്ന മാധ്യമം 5-കോടി ശ്രോതാക്കളെ സമ്പാദിച്ചത്.ടെലിവിഷൻ ഇതിന് 13 വർഷം എടുത്തു.പത്രമാധ്യമങ്ങൾ ഏകദേശം ഇതേ കാലയളവ് എടുത്തു.5 കോടി എന്ന കണക്കിലെത്താൻ.എന്നാൽ വളരെ വേഗത്തിൽ...എന്നല്ല നിമിഷങ്ങൾക്കുള്ളിൽ നവമാധ്യമങ്ങളിൽ കൂടി..കോടിക്കണക്കിനു മനുഷ്യർ വിവരങ്ങൾ അറിയുന്നു എന്നതാണ് ഇതിന്റെ സാധ്യതാ വൈപുല്യം.

സോഷ്യൽ ആപ്ലിക്കേഷനുകളാണ് ഇതിന് സഹായകരമായി വർത്തിക്കുന്നത്.എതാണ്ട് 30-ഓളം ഇൻസ്റ്റന്റ് ആപ്ലിക്കേഷനുകളാണ് പല തരം ഫീച്ചറുകളുമായി ആപ്പ് സ്റ്റോറുകളിൽ ഉള്ളത് .

പല തരത്തിലുള്ള മാധ്യമ സാധ്യതകൊണ്ടുള്ള നിരന്തരവും എളുപ്പത്തിലുള്ള സാമൂഹ്യ ഇടപെടലിന് സഹായിക്കുന്നു എന്നതാണ്.'ഇൻസ്റ്റന്റ് മെസ്സേജുകളെ മറ്റ് നവമാധ്യമങ്ങളിൽ നിന്നും വേറിട്ടു നിർത്തുന്നത്.അത്ഭുതകരവും അനന്തവുമായ വഴി തീർച്ചയായും ബോധ്യപ്പെട്ടുകൊണ്ടു തന്നെയാണ് യുവാവായ സുക്കർബർഗ്ഗ് 19 ബില്യൺ ഡോളറിന് 'Whatsapp'വാങ്ങിയത് മെസ്സേജുകളുടെ സ്വകാര്യത വാർട്ടാസാപ്പിൽ ഭദ്രമാണ്.ഇത് തുടക്കത്തിലുള്ള ഫോൺ മെസ്സേജുകളിൽ സാധ്യമല്ലോ തിരുന്ന ഒരു കാലമുണ്ടായിരുന്നു.

വാർത്തകളുടെ കുത്തക അവസാനിച്ച കാലം

വാർത്തകളപ്പോഴും ഒരു ജനാധിപത്യ ജീവിതക്രമത്തിൽ ജനങ്ങളുടെ അറിയാനുള്ള അവകാശത്തിന്റെ ഭാഗമാണ്..എന്നാൽ താത്പര്യങ്ങൾക്ക് വിധേയമായും പ്രത്യേക ചില ലക്ഷ്യങ്ങൾ മുൻ നിർത്തിയും വാർത്തകൾ തമസ്കരിക്കപ്പെടുകയോ വാർത്തകൾ വളച്ചൊടിക്കപ്പെട്ടുകയോ ചെയ്യാനുള്ള സാധ്യത നവമാധ്യമങ്ങളുടെ വരവിനു മുൻപ് ധാരാളമായിരുന്നു . ഒരു'വാർത്ത എന്റേത്' മാത്രമാണ് .എന്ന അവകാശവാദങ്ങൾ ചീട്ടുകൊട്ടാരം പോലെയാണ് സമൂഹമാധ്യമങ്ങളുടെ വരവോടെ തകർന്നു വീണത്.അതോടെ പണ്ടത്തെ 'സ്കൂപ്പ്' വാർത്തകൾ അപ്രത്യക്ഷ്യമായി.

ഇൻഫർമേഷൻടെക്നോളജി വികാസംപ്രാപിക്കുന്നതിനു മുമ്പ് പത്രപ്രവർത്തനം എന്നത് ഒരുവാർത്ത ലേഖകൻ നേരിട്ട് സ്രോതസ്സ് തേടിച്ചെന്ന് ശേഖരിച്ച് അതിന്റെ ഫോട്ടോഗ്രാഫുകൾ തരപ്പെടുത്തി അത് ജനങ്ങളിലെത്തിക്കുന്നരീതിയായിരുന്നു .അങ്ങനെയുള്ള സാഹചര്യത്തിൽ ഒരു വാർത്ത എല്ലാമാധ്യമങ്ങൾക്കും ഒരുപോലെ ലഭിക്കാനുള്ള സാധ്യത പല സാങ്കേതിക കാരണങ്ങളാലും ലഭ്യമല്ലായിരുന്നു.

ബഹുജനങ്ങളെന്ന പത്രപ്രവർത്തകർ

സോഷ്യൽ ജേർണലിസം ഇന്ന് നവമാധ്യമങ്ങളുടെ വരവോടെ സജീവമായിരിക്കുന്നു.നമ്മുടെചുറ്റു നടക്കുന്ന സംഭവങ്ങൾ കൂടിചേരലുകൾ ആഘോഷങ്ങൾ എല്ലാം ഓരോ നിമിഷവും -ഫേസ്ബുക്ക്,വാർട്ട്സാപ്പ്,ഇൻസ്റ്റർഗ്രാം മറ്റ്സോഷ്യൽ ആപ്പുവഴി ജനങ്ങളുടെ മുമ്പിലേക്ക് അനസ്യൂതം വന്നെത്തുകയാണ്,എന്തുമാകട്ടെ ഇത് ആദ്യമെത്തുന്നത് മേൽവിവരിച്ചമാധ്യമങ്ങളിലാണ്.അതിന് ആരെയെങ്കിലും നിയോഗിച്ചിട്ടല്ല മറിച്ച് ജനങ്ങൾ തന്നെ അത് സ്വയമേ നിറവേറ്റുകയാണ്.അധികാരസ്ഥാനങ്ങളെഅ ലോസരപ്പെടുത്തുന്നു.ജനങ്ങൾ നേരിട്ടനുഭവിക്കുന്ന വല്ലായ്മകൾ എല്ലാം ഇന്ന് സാമൂഹിക മാധ്യമങ്ങളിലൂടെ പുറത്തു വരുകയാണ്.എല്ലാം ജനങ്ങൾ അറിഞ്ഞതിനു ശേഷമുള്ള വിവരങ്ങളാണ് പരമ്പരാഗത മാധ്യമങ്ങൾ എത്തിച്ചുതരുന്നതെന്നു ചുരുക്കം പലപ്പോഴും മഴ പെയ്തതിനു ശേഷമുള്ള മരംപെയ്ത്തു പോലെയാണ് പല മാധ്യമങ്ങളും



പത്രങ്ങളെയും ചാനലുകളെയും ബഹിഷ്ക്കരിക്കുന്ന കാലം വരുമോ?

സോഷ്യൽ ആപ്പുവഴി എതാണ്ട് എല്ലാകാര്യങ്ങളും അറിയാമെന്നസ്ഥിതി നിലവിലുള്ളപ്പോൾ പത്രങ്ങൾ,ചാനലുകൾ ഒരാവസ്യവസ്തുവാണോ .കാരണം വാർത്തകളും വിശേഷങ്ങളും അറിയുവാൻ തന്നെയാണ് ഇവയെ നമ്മൾ ആശ്രയിക്കുന്നത് എന്നാൽ പലതും നേരത്തെ അറിഞ്ഞവയുടെ ആവർത്തനം പോലെ അനുഭവപ്പെടുന്നു.സോഷ്യൽ മീഡിയ നല്കുന്ന സംവാദങ്ങളുടെയും ,അഭിപ്രായപകടനത്തിന്റെറയും സാധ്യത,വ്യക്തികൾക്ക് പരമ്പരാഗത മാധ്യമങ്ങളിൽതെല്ലൊട്ടില്ലതാനും.സാമ്പത്തി കമായി പരിശോധിച്ചാലും പത്രങ്ങളും ചാനലുകളും ഈടാക്കുന്നസംഖ്യ,സോഷ്യൽആപ്പുകൾക്ക് ഇല്ലതാനും.ഏതായാലും ഈ മാധ്യമങ്ങൾ സോഷ്യൽ മീഡിയാ കുത്തൊഴുക്കിൽ പിടിച്ചുനിൽക്കാൻ നന്നേ തത്രപ്പെടുന്നുണ്ട്.എല്ലാം സമൂഹമാധ്യമങ്ങളിൽ നിന്നും ലഭിക്കുമെന്നുണ്ടെങ്കിൽ..ചാനലോ...പത്രമോ, വേണ്ടന്നു വയ്ക്കുന്ന കാലം വിദൂരമല്ല.,







ആഷിക്
മണിയംകുളം

ചരിത്ര പ്രസിദ്ധമായ ചങ്ങനാശേരി ചന്ദനക്കുടം



തെക്കുംകൂർ നാടുവാഴിത്വം അവസാനിപ്പിച്ച് തിരുവിതാംകൂർ രാജാക്കന്മാരുടെ ഭരണം വരുകയും മുൻ നാടുവാഴികളെ പോലെ എല്ലാ മതവിഭാഗങ്ങൾക്കും വേണാട്ട് രാജാക്കന്മാർ തുല്യത ചാർത്തി യിരുന്നു. പ്രാർത്ഥനയുടെ സൗകര്യത്തിനായി 1787-ൽ പുതൂർപള്ളി സ്ഥാപിച്ചു. പുഴവാത് കാവിൽ ഭഗവതി ക്ഷേത്രത്തിലെ ചിറപ്പ് മഹോത്സവവും,ക്രൈസ്തവ ദേവാലയത്തിലെ ക്രിസ്തുമസ് ആഘോഷവും ഒരുമിച്ച് വന്നിരുന്നകാലം. നാനാ ജാതി മതസ്ഥരായ ജനത ഏകോദര സഹോദരങ്ങളായി ഒരുമയോടെ കഴിയുവാൻ മുസ്ലിം ജനവിഭാഗവും സംബന്ധിക്കണമെന്ന തെക്കുംകൂർ നാടുവാഴികളുടെ അഭി ലാഷത്തിന്റെ പ്രതീകമാണ് ചന്ദനക്കുടം

ചങ്ങനാശേരിയിലെ വിവിധ മതസ്തർക്ക് സമഭാവനയോടെ ജീവിക്കാൻ കഴിയണമെന്ന നിർബന്ധം പുരാതന കാലത്ത് തെക്കുംകൂർ നാടുവാഴികൾക്കുണ്ടായിരുന്നു. പുതൂർപള്ളി മുസ്ലീം ജമാ-അത്ത് പള്ളി ആരംഭിച്ച കാലം മുതൽ മൗലീകമായ ഇസ്ലാമിക നിബന്ധ നകളുമായി യാതൊരു ബന്ധവുമില്ലാതെ ദേശീയാഘോഷമായി, ചങ്ങനാശേരിയുടെ സാംസ്കാരിക പൈതൃകത്തിന് ഊന്നൽ നൽകി എല്ലാ വർഷവും ഡിസംബർ 25,26 തീയതികളിൽ ചന്ദനക്കുടം നട ന്നുവരുന്നു.





ആഘോഷ നടത്തിപ്പിന് രാജഖജനാവിൽ നിന്നും കൊല്ലവർഷം 976 ധനുമാസം 1-□□ തിയതി ആറേ കാൽപ്പണം അനുവദിക്കപ്പെട്ടു. തിരുവിതാംകൂർ മുദ്രാങ്കിതമായ "വില്ല"ധരിച്ച് കൊട്ടാരം പ്രതിനിധി ചന്ദനക്കുട ഘോഷയാത്രയെ അ നുഗമിച്ച് കൊട്ടാരം കച്ചേരിയായിരുന്ന മണ്ഡപത്തിന്റെ വാതിൽവരെ പോകുമായിരുന്നു. പീരുമേട് മുതൽ വേമ്പനാട്ട് കായൽ വരെയുള്ള പ്രദേശങ്ങളെ ഉൾപ്പെടുത്തി, രാജഭരണത്തിന് ശേഷം റവന്യൂ അധികാരികൾ ഇന്നത്തെ റവന്യൂടവ്വറിൽ വെച്ച് പണക്കിഴി നൽകി സ്വീകരിച്ചുവരുന്നു. കേരള സർക്കാർ ചന്ദനക്കുടദേശീയാഘോഷത്തെ പൊതുഭരണ ടൂറിസം വകുപ്പിന്റെ 8/6/2004ൽ 4782/ടി.ബി 12/04 ഉത്തരവ് പ്രകാരം സംസ്ഥാന വിനോദ സഞ്ചാര വകുപ്പിന്റെ അംഗീകൃത ഉത്സവങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി.

ഡിസംബർ 25ന് 1117-□□മാണ്ട് സ്ഥാപിതമായ ചങ്ങനാശേരിയിലെ പഴയപള്ളിയിൽ ചന്ദനക്കുടം എത്തി ച്ചേരുകയും സൗഹൃദം പങ്കുവെച്ച് രണ്ടു പള്ളികളിലേയും ഭാരവാഹികൾ കാവിൽ ക്ഷേത്രഭാരവാഹിക ളുടെ ക്ഷണം സ്വീകരിച്ച് ക്ഷേത്ര മൈതാനത്ത് ഒത്തുകൂടുകയും ഹൈന്ദവ-മുസ്ലീം മൈത്രിയിൽ ക്ഷേത്രമുറ്റത്ത് വച്ച് കളഭവും, പനിനീരും പരസ്പരം കൈമാറും.

1104 ധനുമാസം10-□□തിയതി മുതൽ ഭാരതകേസരി മന്നത്ത് പത്മനാഭൻ ഒന്നാം ദിവസത്തെ ഘോഷയാത്രയെ എൻ.എസ്.എസ് ആസ്ഥാനത്ത് സ്വീകരിച്ചിരുന്നതിന്റെ സ്മരണ പുതുക്കി മന്നം സമാധിയിൽ എത്തിയശേഷം ഇന്നും ജനറൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ ചന്ദനക്കുടത്തിന് സ്വീകരണം നല്കിവരുന്നു.കാവിൽ ക്ഷേത്രത്തിലെ ശംഖുനാദവും,മുസ്ളിം പള്ളിയിലെ ബാങ്ക് വിളിയും,ക്രൈസ്തവ പള്ളിയിലെ മണിനാദവും എന്നും കേട്ടുണരുവാൻ പുഴവാതുകാർ ഭാഗ്യം സിദ്ധിച്ചവരാണ്.

മതസൌഹാർദ്ദത്തിന് പേരുകേട്ട അഞ്ചുവിളക്കിന്റെ നാട്ടിൽ രാജഭരണത്തിന്റെ ചരിത്രസ്മണകളുമായി ചരിത്രപ്രസിദ്ധമായ ചന്ദനക്കുടം ചങ്ങനാശേരിയിൽ218വർഷമായി നടന്നുവരുന്നു.പുതൂർപ്പള്ളി മുസ്ളിംജമാ-അത്ത് കമ്മറ്റിയുടെ നേതൃത്വത്തിൽ.ഡിസംബർ25.26തീയതികളിൽ 5ആനകളെ അണിനിരത്തി ആലവട്ടവും,വെഞ്ചാമരവും,നെറ്റിപ്പട്ടവും,തീവെട്ടിയും,ചെണ്ടമേളവുമായി ഗജഗംഭീരമായ ഘോഷയാത്രയും രണ്ടുദിവസം രാത്രി10.30മുതൽപുലരുംവരെ സിനിമാ പിന്നണിഗായകരുടെ ഗാനമേളയും,മാപ്പിള ഗാനമേളയും നടക്കും.ഡിസംബർ25ന് വൈകുന്നേരം4ന് മാനവമൈത്രി സംഗമത്തോടെയാണ് ചന്ദനക്കുട ദേശീയാഘോഷങ്ങൾക്ക് തുടക്കമാകുന്നത്.

ജമാ-അത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ എം.എൽ.എ,എം.പി,മന്ത്രിമാർ,തുടങ്ങിയ ജനപ്രതിനിധികൾ,സാമുദായിക നേതാക്കൾ എന്നിവരാണ് മാനവമൈത്രി സംഗമത്തിൽ പങ്കെടുക്കുന്നത്.ചന്ദനക്കുടം ഗജവീരന്മാരുടേയും താളമേളങ്ങളുടേയും അകമ്പടിയോടെ പുതൂർപ്പള്ളി അങ്കണത്തിൽ മതമേലദ്ധ്യക്ഷന്മാരുടേയും സാംസ്ക്കാരിക നായകന്മാരുടേയും സാന്നിദ്ധ്യത്തിൽ ഘോഷയാത്ര പഴയപ്പള്ളിയിലേക്ക് പുറപ്പെടും.യാത്രാമദ്ധ്യേ ഇലക്ട്രിസിറ്റി ബോർഡ്,എം.വൈ.എം.എ,നഗരസഭ,ഹെഡ്പോസ്റ്റ്ഓഫീസ്,ഫയർസ്റ്റേഷൻ,എക്സൈസ് ഓഫീസ് വക സ്വീകരണങ്ങൾക്ക് ശേഷം റവന്യൂ ടവറിൽ രാജകീയ സ്വീകരണത്തിന്റെ ഓർമ്മപുതുക്കൽ നടക്കും.

തിരവതാംകൂർ രാജഖജനാവിൽ നിന്നും ആറേകാൽ പണം അനുവദിച്ചത്തിന്റെ സ്മരണപുതുക്കി തഹസിൽദാർ രാജകീയ സംഭാവന ജമാ-അത്ത് ഭാരവാഹികൾക്ക് നല്കുംതുടർന്ന് കാവിൽ ഭഗവതി ക്ഷേത്രമൈതാനത്ത് എത്തിചേരുന്ന ഘോഷയാത്രയെ ക്ഷേത്രഭാരവാഹികൾ സ്വീകരിക്കും..

കളഭവുംപനിനീരുംപരസ്പരംകൈമാറി ഹിന്ദുമുസ്ലീം മൈത്രി ബന്ധം തെളിയിക്കുന്ന കാഴ്ച ചങ്ങനാശേരി ചന്ദനക്കുടത്തിന്റെ മാത്രം പ്രത്യേകതയാണ്. കൊല്ലവർഷം 1104 മുതൽ ഭാരതകേസരി മന്നത്ത് പത്മനാഭൻ ഒന്നാം ദിവസത്തെ ചന്ദനക്കുട ഘോക്ഷയാത്രയെ എൻ എസ് എസിന്റെ ആസ്ഥാനത്ത് സ്വീകരിച്ചിരുന്നു. പിൽക്കാലത്ത് ജനൽ സെക്രട്ടറി നേതൃത്വം നല്കി സ്വീകരണം നടത്തി വരുന്നു. ഡിസംബർ 26 രാവിലെ 8 ന് ഇരുപ്പ ചന്ദനക്കുടം തൈക്കാവ് അങ്കണത്തിൽ നിന്ന് ആരംഭിക്കുന്ന ഘോക്ഷയാത്ര വിവിധ ആരാധനാലയങ്ങൾ സാമൂഹ്യ സംഘടനകളുടെയും സ്വീകരണങ്ങൾ നടക്കും. കെ.എസ്.ആർ.ടി.സി ., ഒന്നാം നമ്പർ പ്രൈവറ്റ് ബസ് സ്റ്റാൻഡിലേയും സ്വീകരണത്തിനു ശേഷം പള്ളി അങ്കണത്തിൽ ഉച്ചയ്ക്ക് തിരിച്ചെത്തും. വൈകുന്നേരം 3ന് ചന്ദനക്കുടം ചന്തക്കടവ് മൈതാനിയിൽ നിന്നും ആരംഭിക്കും. മൂസാവരി ജംഗ്ഷൻ , കെ. പി. എം. എസ്., പോലീസ് സ്റ്റേഷൻ, മെത്രാപ്പോലീത്താൻ പള്ളി, കവലയിൽ പൌരാവലിയുടെയും, ഓട്ടോ ബ്രദേഴ്സിന്റെയും സ്വീകരണത്തിനു ശേഷം രാത്രി 10:30ന് പള്ളി അങ്കണത്തിൽ തിരിച്ചെത്തുന്നു. രാത്രി 12 ന് നേർച്ചപ്പാറ ചന്ദനക്കുടം പള്ളിയിൽ നിന്നും പുറപ്പെട്ട് പുലർച്ചെ 4 ന് പള്ളി അങ്കണത്തിൽ മടങ്ങിയെത്തി കരിമരുന്ന് പ്രയോഗത്തോടെ ചന്ദനക്കുടം സമാപിക്കും.

വിട്ടുപോയ ഭാഗം പൂരിപ്പിക്കുക ?

_ഴ_



അജയൻ
കരുനാഗപ്പള്ളി

ലബ്ധപ്രതിഷ്ഠൻ

"ജീവിതത്തിലെ ഏതു ദിവസവുംപോലെ ഒരു സാധാരണ ദിവസം"കിടക്കവിട്ടെഴുന്നേറ്റപ്പോൾ മുതൽ ഇന്നീ നിലക്കാണ്ണാടിയുടെ മുന്നിൽ വന്നു. അരമണിക്കൂറിലേറെയായി ഈ നില തുടരുന്നതു വരെ എത്രയാവർത്തി മനസിനെ പറഞ്ഞു പഠിപ്പിച്ച മന്ത്രം. ഓരോ തവണകിടക്കയിലേയ്ക്ക് ചേർത്തു കിടത്തുമ്പോഴും പിടിവിട്ടു കുതറി അതീവകൌശലത്തോടെ ചാടിയിറങ്ങി രസിക്കുന്ന കുഞ്ഞിനെ പോലെ മെരുങ്ങാതെ കിടന്നു മന്ത്രം.

അച്ഛൻ മരിച്ചപ്പോഴും, ഭാമയുടെ ചേതനയറ്റ ശരീരവുമായി ആംബുലൻസിൽ ഇവിടെ വന്നിറങ്ങുമ്പോഴും പതിവുകൾ തെറ്റാതിരിക്കാൻ പണിപ്പെടുകയായിരുന്നല്ലോ.....മുൻപ്... ആദ്യം അച്ഛനും ഒരു വർഷം കഴിഞ്ഞ് അവളും ഒരു ഭിത്തിയുടെ അപ്പുറം, തെക്കുവശത്തായി എരിഞ്ഞടങ്ങുമ്പോൾ അന്നു രാത്രിയിൽ അച്ചടിമഷിപുരണ്ട് പിറ്റേന്ന് കാലത്ത് വിതരണം ചെയ്യപ്പെടേണ്ട പത്രത്തിലേക്കുള്ള എഡിറ്റോറിയൽ പേജ് എഴുതി നിറയ്ക്കുകയായിരുന്ന നിർവ്വികാരൻ...! 'വർക്ക്ഹോളിക്ക്' എന്നു വിശേഷപ്പിച്ചു നിർവ്യാജ സ്നേഹമോടെ ചേർത്തുപിടിച്ചിരുന്നു സ്ഥാപക ഉടമ സുബ്രഹ്മണ്യം അയ്യങ്കാർ,പല തവണ.എന്നാൽ മകൻ,കൈലാസനാഥൻ ജർമ്മിനിയിൽ നിന്നിറക്കിയ പ്രിൻറിംഗ് മെഷീനുനേർക്ക് ദിവസത്തിൽ മൂന്നു നേരം മുൻ വിധികളോടെ പായിക്കുന്ന അയവില്ലാത്ത നോട്ടത്തിൻെറ ഒരു സിറോക്സ് കോപ്പിയാണ് തനിക്കായിട്ടു എന്നുംബാക്കി വെച്ചിരുന്നത്. ജർമ്മൻ മെയ്ഡിനെപൊടിയടിച്ചു പരിപാലിക്കാത്ത രമേശനെ അഭിഷേകം ചെയ്യാനുള്ള തെറിവാക്കുകളെ അയാൾ പതിവായി കണ്ടെത്തിയിരുന്നത് ് അവയുടെ പ്രതലത്തിൽ നിന്നു തന്നെയാണെന്നു ആ നോട്ടം കൊണ്ട് തോന്നിയിട്ടുണ്ട്,പലപ്പോഴും.പ്രായംമാനിച്ചാവാം രമേശനെ അഭിമുഖംനിർത്തി പതിവായി ആവിഷ്കരിച്ച ചവിട്ടു നാടകത്തിലെ രംഗങ്ങളിലേക്ക് എനിക്ക് വേഷം നീക്കിവെച്ചില്ല,അയാൾ. താനുമായി ബന്ധപ്പെട്ടു മാനിക്കപ്പെടുന്നുവെന്നു മറ്റുള്ളവർക്ക് തോന്നിയിരുന്ന അതേ പ്രായഗണനതന്നെയായിരുന്നു കൈലാസനാഥൻ അയ്യങ്കാറുടെ മുന്നിൽ തന്നെ അനഭിമതനാക്കിയതും.'കസേര ഒഴിയാത്തവയസ്സൻ കുതിര' പോകെ പോകെ,ഓഫീസ് ഒച്ചകളുടെ പതിവുകളിലേയ്ക്ക് ദൃഢസാഹോദര്യം പ്രാപിച്ചു അയാളുടെ പല്ലിറുമ്മൽ മന്ത്രം.

അങ്ങനെ നോക്കുമ്പോൾ ഇന്നല്ല,നാളെയാണ് നാളെ മുതലാണ് അസാധരണത്വം എന്റെറ ജീവിതക്കിലേയ്ക്ക് നിഴലിടാൻ തുടങ്ങുന്നത്. "അച്ഛാ ദേ കാറ് വാതുയ്ക്കൽ വന്നു കേട്ടോ"..ഇന്നോളം പളനിയ്ക്ക് കാത്തുകിടക്കേണ്ടിവന്നിട്ടില്ല,തന്നെ.ഞാനാണ് റോഡിനു വലതുവശത്തെ മുക്കാലും സിമൻറടർന്നു തുരിമ്പിച്ച കമ്പികൾ വെളിവാക്കപ്പെട്ടു കഴിഞ്ഞ 'പഞ്ചായത്ത് ഇരിപ്പിടത്തിൽ' ചാരി കാൽമണിക്കൂറിനു മുന്നേ മുതൽ പളനിയേയും വണ്ടിയേയും കാത്തു നിൽക്കുക പതിവ്.പാഴ് വസ്തുക്കളിൽ നിന്നും അലങ്കാര ശില്പങ്ങൾ നിർമ്മിക്കുന്നതിൽ തല്പരനായ മകൻ,വരാന്തയിൽ ക്രമീകരിച്ചിരിക്കുന്ന വർക്ക്ഷോപ്പിൽ തന്റെറ പ്രവർത്തിയ്ക്കു ഭംഗം വരുത്താതെ മുഖമുയർത്തി ആശംസാവാചകം ചൊരിഞ്ഞു "ഓൾ ദി ബെസ്റ്റ് അച്ഛാ"... പ്ലാസ്റ്റർ ഓഫ് പാരീസിലാണെന്നുതോന്നുന്നു കൂനിക്കൂടിയിരിക്കുന്ന നിലയിൽ അവൻ തന്നെ നിർമ്മിച്ച വൃദ്ധരൂപത്തിനരികിൽ അതിനേക്കാൾ വയസ്സുതോന്നിച്ചു ആ മുപ്പത്തിയഞ്ചുകാരൻ റോഡുമുറിച്ചു കടന്നു കാറിനടുത്തേക്കു നടക്കുമ്പോൾ സ്വയം കുറ്റപ്പെടുത്താനായി വാച്ചിലേയ്ക്കു നോക്കി.
ഇല്ല സർ;"നീങ്ക കറക്ട് താൻ.. നാനിന്ത് കാലേകൂട്ടി വന്ത്റിപ്പേൻ.."
ഇവിടെ മുതലാവണം എന്റെറ പതിവുകൾ തെറ്റാൻ തടങ്ങുന്നത്.

"ഇത്തന നാളും ഡെയ്ലി നീങ്ക ഒരേമാതിരി എനക്കാഹ വെയിറ്റു പണ്ണിയാച്ചു.. നാങ്ക ഇന്നുമട്ടും.. യൂ ആർ സോ ഗ്രേറ്റ് സാർ.. ഫ്രം റ്റുമാറോ വാട്ട് കൃാൻ ഐ ഡു സർ.. വാട്ട് കൃാൻ ഐഡു.."

പെരുവഴിയിൽ തനിച്ചാക്കപ്പെടുന്നവന്റെറതായ അനാഥത്വം പളനിയിൽ നിന്നും പൊടുന്നനെ പൊട്ടിയൊലിച്ചു. ആ പരുക്കൻ ശരീരത്തിൽ നിന്നും ഞാനതു തീരെ പ്രതീക്ഷിച്ചതല്ല.എതിരെ ഒരു ടിപ്പർ ലോറി അലക്ഷ്യവേഗതയോടെ വന്നതു കൊണ്ടോ മറ്റോ പളനി താൻ പ്രവേശിച്ച ആത്മവൃഥയിൽ നിന്നും അതേ വേഗതയിൽ മുക്തനുമായി.

ആഫീസിൽ,വളരെ ആലങ്കാരികമായി പറഞ്ഞാൽ പതിവില്ലാതെ ഒരില കൂടി അനങ്ങിയിട്ടില്ല.പ്രതിവർഷം നവീകരിച്ചു നിർമ്മിക്കപ്പെടുന്ന ഓഫീസ് കെട്ടിട സമുച്ചയത്തിന്റെറ പടർന്നു കയറ്റത്തിനായി തായ്വേരറുക്കപ്പെട്ട വിവിധയിനം വൃക്ഷങ്ങൾ ഓർമ്മയിൽ ഒരു നിബിഢവനമായി അപ്പോഴും ബാക്കിനിന്നു.

"ഉണ്ണിത്താന് ഇന്നിവിടെ ലാസ്റ്റാ..ല്ലേ്യാ."
പാതിയിൽ കെട്ട ബീഡിയിലേക്ക് ആയാസപ്പെട്ടു ജീവൻ പകർന്നുകൊണ്ടു വാച്ച്മാനായ റിട്ടയേർഡ് ബി.എസ്.എഫുകാരൻ ചോദിച്ചു.
"അപ്പൊ,പിന്നെ കരിയർ ബെസ്റ്റായ ഒരെണ്ണം എഡിറ്റോറിയലിലേക്ക് ചെന്നിരുന്നു കാച്ചിയാട്ടെ,നേരം കളയാതെ..".



"തന്റെറ യത്നത്തിൽ വിജയശ്രീലാളിതനായ അയാളുടെ ആവേശം മൊത്തം അരപൈസ ചോരാതെ ആ പ്രസ്ഥാവനയിലൂടെ അയാൾ തന്നിലേയ്ക്കു കൂടി ഡിപ്പോസിറ്റു ചെയ്തതായി തോന്നി."
പ്രകടിപ്പിക്കാൻ തോന്നിയ നന്ദിയെ വാക്കിലേയ്ക്ക് പാഴാക്കാതെ അതിവിനയഭാവം കൊണ്ടു കണ്ണിലൂടെ പകർന്നു.

എവിടെ,എന്റെ ഇരിപ്പിടവും മേശയും?..മനസിൽ ആകുലത പത്തി വിടർത്തി .ഇടം തോളിൽ നിന്നും വലം കൈയ്യിലേയ്ക്ക് സ്ഥാനമാറ്റം വരുത്തിയ ഉൾക്കനമുള്ള സഞ്ചി ജീവനുള്ള വസ്തു പോലെ പരിഭവം നടിച്ചു ചാടിയതും
അപ്പോൾ.അപ്രതീക്ഷതമായി സിപ് തുറന്നു ബഹിർഗമിച്ച എഴുത്തുരുപ്പടികളെ
സമാഹരിക്കാൻ സഹായിച്ചു കൊണ്ട് സീനിയർ അക്കൌണ്ടൻറ് സെയ്ദ് മുഹമ്മദ് കൂടുതൽ ചേർന്നിരുന്നു ചെവിയിൽ പറഞ്ഞു "ഉണ്ണിത്താൻ ഇന്നത്തേയ്ക്ക് എന്റെ ക്യാബിനിലിരിക്കണം വൈകിട്ടത്തെ മീറ്റിംഗിന്റെ കോ ഓർഡിനേറ്റർ ഞാനായതുകൊണ്ട് ഐ വിൽ ബി ബ്യുസി ആൾസോ.."

"ബട്ട് വൈ അയാം" സങ്കടങ്ങൾ കണ്ണിൽ തീമഴ ആകാതിരിക്കാൻ തല പലവുരു കുലുക്കി ഇളക്കി. "നാളെ മുതൽ നമ്മുടെ ഡെയ്‌ലിയ്ക്ക് പുതിയൊരു എറ യുടെ തുടക്കമാന്നാ കൈലാസമൊഴി...അറിയാല്ലോ..ആ ൻ സെബാസ്റ്റ്യനാ പുതിയ സി.ഇ.അക്കോർഡിംഗ് ടു ഹിം .ഷീ ഈസ് സോ ഗുഡ് ആൻറ് സോ പങ്ക്ച്ച്വൽ.."

"അതിനെന്റെ ടേബിളിന്തു പിഴച്ചു" ."പുഴയുടെയും പ്രവാഹത്തിന്റെയും
ഉപമയൊന്നും ഉണ്ണിത്താൻ എഡിറ്റർക്ക് ഞാൻ പറഞ്ഞു കേൾപ്പിക്കേണ്ട
കാര്യമില്ലല്ലൊ?.."മുട്ടുകാലിൽ നിന്നുമെഴുന്നേൽക്കാൻ തുടങ്ങുമ്പോൾ
ഇടതുതോളിലേയ്ക്ക് ഒരു വലിയ കരത്തിന്റെ കടന്നുപിടുത്തം.

വാക്കിനേക്കാൾ മേധാവിത്തം ആ വലം കൈ പ്രയോഗത്തിനായിരുന്നുവെന്നു തോന്നുന്നു.അതയാളായിരുന്നു,, കൈലാസനാഥൻ അയ്യങ്കാർ.
"എനിക്ക് എഴുത്ത് ഒരു ധ്യാന രീതിയാണ്...അതിനേറ്റവും ഉതകുന്നതായിരുന്നു ആ തേക്കിൻ മേശ..."കളിപ്പാട്ടം നഷ്ടപ്പെട്ട കുട്ടിയുടെ ചിണുങ്ങലെന്ന് ആരെങ്കിലും
വിലയിരുത്തുമോയെന്ന് ഭയന്നത് വാക്കുകൾ അതിന്റെ ഉറവിടത്തിൽ നിന്നും പുറത്തു ചാടിയ ശേഷം മാത്രമായിരുന്നു. "അതു ഉണ്ണിത്താൻ ജീ പറഞ്ഞതു നുണ..അപ്പനും പിന്നെ കെട്ടിയോളും പട്ടടയിൽ വെന്തൊടുങ്ങിയപ്പോൾ നിങ്ങളിരുന്നു എഴുതിയ എഡിറ്റോറിയലിനു പേജുകൾ കൂടിയതേയുള്ളൂ ,കുറഞ്ഞില്ല ..അതും പുകച്ചുരുളുകൾക്കിടയിൽ കാലുകൾ ഇളകിയ തീൻമേശയിലിരുന്നു എഴുതിയത്.."

ഒരേ പ്രവർത്തി രണ്ടു കാലങ്ങളിൽ രണ്ടു രീതിയിൽ വിലയിരുത്തപ്പെടുന്നത്തിന്റെ വൈചിത്രം!
ഒരിക്കൽ
പുകഴ്ത്തിയിരുന്നതെങ്കിൽ ഇന്ന്അതേ വാക്കുകൾ നിരത്തിവെച്ച് അതിന്മേൽ ആക്ഷേപത്തിന്റെ ഭാവം വിതറി രസിക്കുന്നു.



"എന്തേ അക്കൌണ്ടൻറിന്റെ കൃാബിനിലേയ്ക്കു പോവുകയല്ലേ,നേരം കളയാതെ.."
വാക്കും മുഖവും ഉയർത്താതെ കൃാബിനിലേയ്ക്ക് നടന്നു കയറി.
"അവസാനദിവസമായിട്ട് ഇന്നെങ്കിലും എന്റെ വായിലിരിക്കുന്നത് കേൾക്കാതെ ഉള്ള ജോലി നേരത്തെ തീർക്കണേ..സാറെ.."
ഒന്നേർത്താൽ ഈ അവഹേളനങ്ങൾക്കു കൂടിയാണല്ലോ അവസാനമാകുന്നത്.
സെയ്ദ് പിൻതുടരുന്ന വിശ്വാസപ്രമാണങ്ങളോ ആവർത്തിച്ചുരുവിടുന്ന പ്രവാചക സ്തുതികളോ ആവണം ടേബിളിൽ അറബിയിൽപ്രിൻറു ചെയ്ത് ഒട്ടിച്ചിട്ടുണ്ട്.ചായക്കപ്പിൽ,മകളുടെ കുഞ്ഞിന്റെ നിഷ്കളങ്കമായ മുഖം ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നു.

നോട്ട് പാഡ് നിവർത്തി മൂടിതുറന്നു കലങ്ങിയ മനസ്സുമായി കാത്തിരുന്നു.അക്ഷരങ്ങളും ആശയങ്ങളും പരിഭവിച്ചു അകന്നു നിൽക്കുന്നതുപോലെ.ലാപ്ടോപ്പ് ഓൺചെയ്തു ലോഗിൻ ചെയ്താൽ ബഹുവിഷയങ്ങളിലേയ്ക്കു വഴി നടത്താൻ ആധുനിക സങ്കേതങ്ങളുടെ സഹായം ലഭിക്കുമെന്നു അറിയാതെയല്ല.അത്തരത്തിലുള്ള ബൌദ്ധികമായ കീഴടങ്ങലുകൾ ശീലിച്ചിരുന്നില്ല,ഇന്നോളം.ഇതിനിടയിലെ പ്പൊഴോ റാണിവന്നിരുന്നുവെന്നു തോന്നുന്നു,ചായയുമായി.തണുത്തു മരവിച്ചു അതു മുന്നിലിരിപ്പുണ്ട്.ഇല്ല,ഞാനൊന്നു എഴുതിയിട്ടില്ല...

ശൂന്യതയുടെ ഭൂപടം പോലെ നോട്ട്പാഡ്.
സർ..ശൂന്യതയിൽ നിന്നും മുഖമുയർത്തി നോക്കിയത് മറ്റൊരു ശൂന്യതയിലേയ്ക്കായിരുന്നു.അററൻഡൻറ് കബീർ, സദാ ഇസ്തിരിയിട്ടു ചുളിവു വീഴാതെ കാത്ത വേഷ്ടി പോലെയായിരുന്നു,അയാളുടെ മുഖം.രണ്ടു പതിറ്റാണ്ടിന്റെ -സന്തോഷങ്ങളിൽ ചിരിച്ചു കണ്ടിട്ടില്ല,
ദുഃഖങ്ങളിൽകരഞ്ഞും."നേരമിത്രയുമായില്ലേ, സാറിന്റെ മുന്നിലെ പേപ്പർ കാലിയാ ..ദേ നോക്കിയേ
ഇതുമതിയാകുമോ..ഇന്നത്തേയ്ക്ക്..?"

അയാൾ പാന്റ്സിന്റെ പോക്കറ്റിൽ നിന്നും മടങ്ങി പഴകിയ ഒരു കടലാസ് കൂട്ടം ജിജ്ഞാസയോടെ വെച്ചു നീട്ടി ..

പ്രിയപ്പെട്ടവരുടെ മരണങ്ങളിൽ പകരപെടുത്തിയിട്ടില്ല ബുദ്ധിയെയോ,ചേതനയെയോ ഇന്നോളം.
"ഇന്നലെ ഓഫീസ് പൂട്ടാൻ നേരം വെയിസ്റ്റ്ബാസ്ക്കറ്റിൽ കിടന്നു കിട്ടിയതാ.. നോക്കിയപ്പോ സാറിന്റെയാ കൈയ്യക്ഷരം വീട്ടിൽ കൊണ്ടുപോയി ചാനലിൽ പണിയെടുക്കുന്ന മരുമോളെ കാണിച്ചപ്പോൾ,വായിച്ചിട്ടു അവളിരുന്നു കരയുന്നതു കണ്ടു കാമ്പും കാര്യമില്ലാത്തതിനൊന്നും അവളങ്ങനെ പിടികൊടുക്കാറില്ലഉണ്ണിത്താൻ സാറ് നോക്കിയാട്ടെ.."

കഴിഞ്ഞ ദിവസങ്ങളിലെന്നോ 'കേരളത്തിൽ വർദ്ധിച്ചു വരുന്ന വൃദ്ധസദനങ്ങളെക്കുറിച്ച്'താൻ എഴുതിയ ഒരു ആർട്ടികൾ.അത്ര തൃപ്തി പോരാഞ്ഞതു കൊണ്ടാവാം ഉപേക്ഷിച്ചതും കബീറിന്റെ കൈയ്യിൽപെട്ടതും. മുന്നിലെ രണ്ടു ശൂന്യതകളെക്കാൾ ശൂന്യമായിരുന്നു മനസ്,ആ നേരം. ഒരർത്ഥത്തിൽ ഒഴുക്കിലകപ്പെട്ട് ഉഴറിയ കൊതുമ്പോടത്തിന് തുഴ കിട്ടിയതു പോലെ ആശ്വാസകരമായിരുന്നു ആ നാലഞ്ച് പേപ്പറുകൾ.കബീറിനോട്, ദൈവത്തിനോടെന്ന പോലെ സ്നേഹംതോന്നുകയായിരുന്നു.
"കാലനില്ലാത്തകാലം" തലവാചകമെഴുതി പിൻതിരിഞ്ഞു നോക്കേണ്ടി വന്നില്ല "അതങ്ങു കലക്കി സാറേ!"യെന്ന കബീറിന്റെ പ്രശംസ ഒരാർപ്പുവിളിയോളം എത്തുന്നതായ്
ഒടുവിൽ,പടവിറങ്ങേണ്ടതായ ആ നിമിഷം വന്നു..



മൈക്കിനു മുന്നിൽ ആരൊക്കെയോ രണ്ടു മൂന്നുപർ സ്ഥാപനത്തിൽ താൻ ചെയ്ത പ്രവർത്തികളിൽ സത്യസന്ധതയും,ആത്മർത്ഥതയും അത്ഭുതപ്പെടുത്തുന്ന രീതിയിൽ ഉണ്ടായിരുന്നുവെന്നു ഒട്ടു ആത്മാർത്ഥതയില്ലാതെ പറഞ്ഞവസാനിപ്പിക്കുന്നതുകേട്ടു.
ചായ,ബിസ്ക്കറ്റ്,ബൊക്ക,നിർവികാരപ്രതികരണങ്ങൾ,അരപ്പവന്റെ ഗോൾഡ് കോയിൻ..സാമ്പ്രദായികതകൾ ഒന്നു മടങ്ങിയിട്ടില്ല.മടക്കയാത്രയിലെ പളനിയുടെ വക ശബ്ദമില്ലാത്ത തേങ്ങൽ മാത്രമായിരുന്നു ചേരുംപടി ചേരാതെ നിന്ന ഒന്ന്.ഡ്രൈവിംഗ് സീറ്റിൽ നിന്നുമിറങ്ങി ഗേറ്റ് വരെ അയാളും ഒപ്പം ഇറങ്ങുന്നതിനു മുമ്പെ,കാറിനുള്ളിൽ വെച്ചു ആ ഗോൾഡ് കോയിൻ പളനിയുടെ നിഷേധങ്ങളെ വകവെയ്ക്കാതെ ഷർട്ടിന്റെ പോക്കറ്റിൽ തിരുകിയിരുന്നു.

വരാന്തയിലെ വർക്ക്ഷോപ്പിൽ ഒരു വൃദ്ധൻ തനിച്ചാക്കപ്പെട്ടിരിക്കുന്നു."ഓ ആ വൃദ്ധസദനക്കാര് കണ്ണീരും,കാലുപിടിത്തവും നടത്തി നമ്മുടെ വയസ്സൻ ചങ്ങാതിയെ ചുളുവിലയ്ക്കങ്ങു കൊണ്ടുപോയി.."തന്റെ മുഖത്തുനോക്കി,മകൻ ചോദ്യം വായിച്ചെടുത്തിരിക്കുന്നു.

ബാത് റൂമിൽ പോയി ഷവർ തുറന്നു ഏറെനേരം നിന്നപ്പോൾ കവിളുകൾ മറ്റൊരൊഴുക്കിന്റെ കൂടി സാന്നിധ്യം തിരിച്ചറിയുന്നുണ്ടായിരുന്നു.

വരാന്തയിലെ മുപ്പത്തിയഞ്ചുകാരൻ വൃദ്ധനും എവിടേക്കോ പോയിരിക്കുന്നു.പ്രതിമ അവശേഷിപ്പിച്ച ശൂന്യതയുടെ പീഠം ഉളളിൽ വേദന പടർത്തുന്നത് അറിയുന്നുണ്ടായിരുന്നു.

ഓഫീസിൽ,മുപ്പത്തിയഞ്ചുവർഷം താൻ ഉപയോഗിച്ച മേശയുടേതുപോലെ ഈ ചെറുപീഠവുംതേക്കിൽ തന്നെയാണ് നിർമ്മിച്ചിരിക്കുന്നത്.വൃദ്ധ പ്രതിമയുടെ ഇരിപ്പുനില ഓർത്തെടുത്തു ഇടംകാൽ ചരിച്ചും വലംകാൽ ഉയർത്തിയും ആ പീഠത്തിലേയ്ക്ക് ചേർന്നിരുന്നു വെറുതെ,ഒരുകൌതുകത്തിന്...

പൊതുവിജ്ഞാനം

1.ഇന്ത്യൻ സംസ്ഥാനങ്ങളിൽ വച്ച് ഏറ്റവും കൂടുതൽ വനമുള്ളത് ഏതു സംസ്ഥാനതാണ്?
ഉത്തരം : **മധ്യപ്രദേശ്**

2. ഇന്ത്യയിലെ സസ്യങ്ങളുടെ സർവേയും വിലയിരുത്തലും നടത്തുന്ന ബൊട്ടാണിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ ആസ്ഥാനം എവിടെയാണ്?
ഉത്തരം : **കൊൽക്കത്ത**

3. കർണാടകയിലെ നാഗർഹൊളെ ദേശീയോദ്യാനത്തിന് ഏത് മുൻ പ്രധാനമന്ത്രിയുടെ പേരാണ് നല്കിയിരിക്കുന്നത്?
ഉത്തരം : **രാജീവ്ഗാന്ധി**

4. കർണാടകവും കേരളവുമായി അതിർത്തി പങ്കിടുന്ന തമിഴ്നാട്ടിലെ ദേശീയോദ്യാനം ഏതു ?
ഉത്തരം : **മുതുമലൈ നാഷ്ണൽ പാർക്ക്**

5. ഒറ്റക്കൊമ്പൻ കാണ്ടാമൃഗങ്ങളുടെ സംരക്ഷണത്തിലൂടെ ലോകപ്രസിദ്ധമായ അസമിലെ ദേശീയോദ്യാനം ഏതാണ് ?
ഉത്തരം : **കാസിരംഗ ദേശീയോദ്യാനം**

നക്ഷത്രം ഹൃദയത്തോട് പറഞ്ഞത്



അജയൻ
കുറ്റിക്കാട്ട്

തിരക്കഥ

സീൻ-1
രാത്രി

ഒരു താഴ്വരയിലൂടെ നിഴലായ്
നീങ്ങുന്ന ക്രിസ്മസ് കരോൾ സംഘം
മാലാഖമാർ
സാന്താക്ലോസ്
വിളക്ക് തലയിൽ ചുമക്കുന്ന കുട്ടികൾ
വാദ്യോപകരണങ്ങൾ
വൈദികർ
നേതൃത്വം കൊടുക്കുന്ന യുവാവ്
അടുത്തു വരുന്ന കരോൾ സംഘം

സീൻ-2.
രാത്രി
എൽസയുടെ ഇരുനില വീട്

കരോൾ സംഘം പഴയ മാതൃകയിലുള്ള,
നിലാവിൽ മുങ്ങി നിൽക്കുന്ന ഇരുനില
വീടിന്റെ മുന്നിലേക്ക്...
വീടിന്റെ മട്ടുപ്പാവിലെ
ഒരു കിളിവാതിൽ തുറക്കപ്പെടുന്നു
അതിലൂടെ പുറത്തേക്കു നോക്കുന്ന
പ്രസരിപ്പുള്ള പത്തുവയസ്സുകാരിയായ
പെൺകുട്ടി- എൽസ.
കരോൾ സംഘം വീട്ടിലേക്ക്
വരുന്നത് അവൾ കാണുന്നു
അവൾ തിരിഞ്ഞ് നടന്ന്
അകത്തെ ഗോവണിയിറങ്ങി
താഴെക്ക്...

കരോൾ സംഘം



കരോൾ സംഘം
എൽസ
മാതാപിതാക്കൾ
മുത്തശ്ശൻ
മുത്തശ്ശി

പൂമുഖത്ത് അപ്പോൾ
അച്ഛനും,അമ്മയും,മുത്തശ്ശനും,
മുത്തശ്ശിയുമൊക്കെ ചേർന്ന് കരോൾ
സംഘത്തെ എതിരേറ്റു കഴിഞ്ഞു
അവരിലെല്ലാം ആഹ്ളാദ ഭാവം

മുത്തശ്ശന്റെറ അടുത്തു ചെന്ന്
എൽസയും കരോൾ കാണുന്നു



കരോൾ സംഘം ക്രിബ്ബ്

സീൻ-3.രാത്രി

കരോൾ സംഘം

കരോൾ സംഘം പാടുന്നു
ജിംഗിൾ മുഴുവനും...
ഗായകർ
മാലാഖമാർ
താഴ്ത്തിവെച്ച വിളക്കിനടുത്ത്
ഉറക്കം തൂങ്ങുന്ന കരോൾ
സംഘത്തിലെ കുട്ടികൾ.
എൽസയുടെ വീട്ടിലൊരുക്കിയ പുൽക്കൂട്
ചെറിയ മാലാഖ പ്രതിമ
മറ്റുള്ളവ,
ഗാനം തുടരുന്നു.
എൽസയുടെ ശ്രദ്ധപതിയുന്നത്
സാന്താക്ലോസിലാണ്.
സാന്താക്ലോസിന്റെറ അഭിനയം,കോമാളിത്തം
അതോക്കെ കണ്ട് അവളിൽ
ചിരി വിടരുന്നു.അവളെ ചിരിപ്പിക്കുന്ന
സാന്താക്ലോസ് .ഒടുവിൽ
കരോൾ കഴിഞ്ഞു.സംഘത്തിന്
മത്തശ്ശൻ സംഭാവന നൽകുന്നു.
അവർ രസീതു നൽകി പണം ബാഗിലിടുന്നു
യാത്രയാകുന്ന സംഘം പിന്നിൽ
നിൽക്കുന്ന സാന്താക്ലോസ് എൽസയെ
നോക്കി കൈവീശുന്നു അവൾ തിരിച്ചും.
ഈ വേള മുത്തശ്ശനും,
അച്ഛനും, അമ്മയുമൊക്കെ മടങ്ങിക്കഴിഞ്ഞു
വരാന്തയിൽ തനിച്ചു നിന്നു സാന്താക്ലോസിനെ
കൈവീശി യാത്രയാക്കുന്ന എൽസ.



സാന്താക്ലോസിന്റെറ കൂർത്ത
തൊപ്പിയിലുള്ള വീർത്ത
ബലൂണിനുമടുത്ത് വീശുന്ന കൈകളും

സന്തോഷമടക്കിപ്പിടിച്ച് വീശിയ
കൈരണ്ടും
കൂട്ടിപ്പിടിച്ച് ചുണ്ട് കടിച്ച് വിടർന്ന
കണ്ണുമായി മറയുന്ന
സാന്താക്ലോസിനെ
നോക്കിനിൽക്കുന്ന എൽസ



സീൻ-4.പകൽ
എൽസയുടെ മുറി

ചുമരുനിറയെ വർണ്ണ ചിത്രങ്ങളും
കളിക്കോപ്പുകളും നിറഞ്ഞ
എൽസയുടെ മുറി. ചുമരിൽ
മാൻഡ്രേക്കിന്റെ, സച്ചിന്റെ
ഒക്കേ ചിത്രങ്ങളുണ്ട്..

നിലക്കണ്ണാടിക്ക് മുന്നിൽ
നിന്ന് ഇന്നലെക്കണ്ട
സാന്താക്ലോസിന്റെ
ചില്ലറ ചമയങ്ങൾ അണിഞ്ഞ്
നൃത്തം വയ്ക്കുന്ന എൽസ
സാന്താക്ലോസിന്റെ കോമാളിഞ്ഞ
ങ്ങളായ വയർകുലുക്കൻ,
കൂർത്തതൊപ്പി
ഇളക്കൽ ഒക്കെ കണ്ണാടിക്ക് മുന്നിൽ
നിന്ന്
അനുകരിക്കുകയാണ് എൽസ. കരോൾ
സംഘം പാടിയ ജിംഗിളിന്റെ നേർത്ത
സ്വരവും കേൾക്കാം. എൽസ
സാന്താക്ലോസിന്റെ
മുഖംമൂടി വച്ച് കണ്ണാടിയിൽ നോക്കുന്നു
പൊടുന്നനെ അവൾക്ക് പിന്നിൽ പുക
ഉയരുന്നു. മെല്ലെ പുക മായുമ്പോൾ
കണ്ണാടിയിൽ മറ്റൊരാളെ കാണുന്നു..
അവൾ ഞെട്ടി തിരിഞ്ഞുനോക്കുമ്പോൾ
പിന്നിൽ ചിരിയോടെ നിൽക്കുന്ന
സാന്താക്ലോസിന്റെ ചെറിയ വട്ടത്തൊപ്പി
നരച്ച ദീക്ഷകാൽവരെ മുട്ടുന്ന
വെള്ളക്കുപ്പായം, തോളിൽ മാറാപ്പ്...

നീലക്കണ്ണാടി
വർണ്ണചിത്രങ്ങൾ
മുഖമൂടി
എൽസ
സാന്തക്ലോസ്

തുടരും.....

മേഘങ്ങളുടെ മാലാഖ





കെസിയ കുഞ്ഞുമോൻ

പ്രസിഡന്റ്, അക്ഷര ബാലവേദി

കഥ

ബാലപംക്തി

ചിത്രശലഭങ്ങൾ മൃഗങ്ങൾ പറവജാതികൾ എന്നിവയടങ്ങിയ ഒരു സുന്ദരമായവനം.ഏതർത്ഥത്തിൽ നോക്കിയാലും അത് അങ്ങനെ തന്നെ.ഏല്ലാ ജീവജാലങ്ങൾക്കും താമസിക്കാൻ പറ്റിയ ഇടമായിരുന്നു അത് .

ഈ വനത്തിൽ പറവകളും മൃഗങ്ങളും മാത്രമല്ല ഉണ്ടായിരുന്നത്,അത്ഭുതസിദ്ധികളുള്ള ചില ദേവതമാരും അവിടെ ഉണ്ടായിരുന്നു.അവരിൽ ഒരാൾക്ക് ഭൂമിയിൽ മഴപെയ്ക്കാനുള്ള കഴിവുണ്ടായിരുന്നു.മറ്റൊരു ദേവതവളരെ വലിയ കുസൃതിക്കാരിയായിരുന്നു.അവളുടെ ഇച്ഛയ്ക്ക് അനുസരിച്ച് പ്രകൃതിയിൽ മാറ്റങ്ങൾ വരുത്തുന്നതിൽ വിനോദം കണ്ടെത്തിയിരുന്നു.

ഒരു ദിവസം കുസൃതികാരിയായ ദേവത വനാന്തരത്തിലൂടെ നടന്നു പോകുമ്പോൾ ഒരു കൊക്ക് ഒരു കുളത്തിനരികിൽ നിന്നുകൊണ്ട് വെള്ളം കുടിക്കുന്നതു കണ്ടു.കുസൃതി തോന്നിയ അവൾ ആ കൊക്കിനെകുളത്തിന്റെ മധ്യത്തിലേക്ക് തള്ളിയിട്ടു രസിച്ചു.അവളുടെ ദുഷ്പ്രവർത്തി കണ്ട മറ്റു ദേവതകൾ കുപിതരായി അവളെ ശകാരിച്ചു..മറ്റു ദേവതമാരുടെ ശകാരങ്ങൾ ഗൌനിക്കാതെ അവൾ വീണ്ടും വീണ്ടും കുസൃതിതരങ്ങൾ കാണിച്ചു കൊണ്ടിരുന്നു..അത്തരം പ്രവർത്തനങ്ങൾ ചെയ്ത് തളർന്നപ്പോൾ വിശ്രമിക്കാനായി ആകാശത്തേക്ക് കണ്ണും നട്ട്പുൽത്തകിടിയിൽ മലർന്നു കിടന്നു.ആകാശുത്തു മെല്ലെ നീങ്ങുന്ന മേഘങ്ങളെ കൌതുക പൂർവ്വം നിരീക്ഷിച്ചു.

രൂപരഹിതമായ മേഘങ്ങളെയാണ് അവൾ ദർശിച്ചത്.ഈ മേഘങ്ങളിൽ രൂപങ്ങൾ നല്കിയാൽ വളരെ മനോഹരമായിതീരുമെന്നും കുട്ടികൾക്ക് ആസ്വാദ്യകരമായിരിക്കുമെന്നു,അവൾ ചിന്തിച്ച് മേഘങ്ങൾക്ക് വിവിധമൃഗങ്ങളുടെയും പക്ഷികളുടെയും രൂപം നല്കി.ഈ രൂപങ്ങൾ ആസ്വദിച്ച കുട്ടികളുടെ ആഹ്ളാദം കണ്ട മറ്റ് ദേവതമാർ അവളെ മുക്ത കണ്ഠം പ്രശംസിച്ചു,അങ്ങനെ അവളെ മേഘങ്ങളുടെ മാലാഖയായി അവരോധിച്ചു.

മത ഇതരമാകണം മതേതരത്വം



നിഖിൽ ടി. ദാസ്
പാലമറ്റം

പുതിയതായി പണി കഴിപ്പിച്ച ഒരു വീടിന് ഉള്ളിൽ നിന്ന് നോക്കുമ്പോൾ ഗൃഹനാഥനുണ്ടാകുന്ന ചിന്തകളും പുറത്ത് നിന്ന് അത് കാണുന്ന മറ്റൊരാൾക്ക് തോന്നുന്ന ചിന്തകളും ഒരുപോലെയായിരിക്കുമോ?
മേൽപ്പറഞ്ഞ ചോദ്യത്തിന്റെ വെളിച്ചത്തിൽ ഇന്ത്യ എന്ന മഹാരാജ്യത്തിലെ മതേതരത്വത്തെ സംബന്ധിച്ച് ഒരിന്ത്യക്കാരന്റെ കാഴ്ചപ്പാടും,ഒരു വൈദേശികന്റെ കാഴ്ചപ്പാടും നമുക്ക് ഇവിടെ പരിശോധിക്കാം
ഒരുപാട് സമര പോരാട്ടങ്ങളിലൂടെ നമ്മൾ പൊളിച്ചെഴുതിയ അന്ധവിശ്വാസങ്ങളും,അനാചാരങ്ങളുമുണ്ടായിരുന്നു ഈ നാട്ടിൽ സതി,ശൈശവവിവാഹം എന്നിവ അതിൽ ചിലതു മാത്രം എങ്കിലും സഹസ്രാബ്ദങ്ങൾക്ക് മുൻപ് എപ്പോഴോ എഴുതപ്പെട്ട കഥകൾ ചരിത്ര യാഥാർത്ഥ്യം ഉൾക്കൊള്ളുന്നവയാണെന്നു ഇന്നും തെറ്റിദ്ധരിക്കുന്ന ഒരു സമൂഹം ഏതുതരം സാംസ്കാരിക മുന്നേറ്റത്തിലേക്കാണ് നീങ്ങുക?
ലോക പ്രശസ്ത നരവംശ ശാസ്ത്രജ്ഞൻ യുവാൻ ഹരാരി നോഹ തന്റെ സാപിയൻസ് എന്ന പുസ്തകത്തിൽ കുറിക്കുന്നു.മറ്റൊരു ജീവിക്കും ഇല്ലാത്ത കഴിവ് മനുഷ്യർക്കുണ്ട് അവർക്ക് പല വിധത്തിൽ ഫലപ്രദമായി കൂട്ടംകൂടാൻ സാധിക്കും.പരിണാമസിദ്ധാന്തത്തിലെ ഹോമോസാപിയൻസ് എന്ന വർഗ്ഗം പരിണാമത്തിന് വിധേയമായപ്പോഴും അവ അതിജീവിച്ചതിന്റെ കാരണം മറ്റൊന്നല്ല.

അന്യൻ എന്നചിന്ത എപ്പോഴും ഒരു ബാധ്യതയാണ്.ഈ ചിന്ത ജനിപ്പിക്കുന്നത് ഗോത്രമത വിഭാഗിയതയാണ്.ഇത് മനുഷ്യ പുരോഗതിയെ മന്ദീഭവിപ്പിക്കും എന്ന തിരിച്ചറിവാണ്,പാശ്ചാത്യ സമൂഹത്തെ തിരസ്ക്കരിക്കേണ്ടവയെ തിരസ്ക്കരിച്ചു കൊണ്ട് മുന്നേറാൻ പ്രാപ്തമാക്കിയത്.

വിശ്വാസം അന്ധമാണെങ്കിൽ പോലും അത് പറിച്ചെറിയുകയെന്നത് ഇന്ത്യയിലെ വിശ്വാസികൾക്ക് ദുഷ്കരമാണ്.ഇത്തരം പ്രമേയങ്ങളെക്കുറിച്ച് സംസാരിക്കുന്ന ലോഹിതദാസിൻെറ തനിയാവർത്തനം പോലുള്ള സൃഷ്ടികൾ മലയാളത്തിലെ എക്കാലത്തെയും മികച്ച ക്ലാസിക്കുകളിലൊന്നായി മാറ്റപ്പെടുന്നത്.രാജ്യാതിർത്തികൾ മാറ്റി വരയ്ക്കാനും,ഈ രാജ്യത്തെ പൌരന്മാരെ മതത്തിൻെറ പേരിൽ തരം തിരിക്കാനും,രാഷ്ടപിതാവിനെ പോലും രണ്ടാംതരം പൌരനായി മാറ്റാനും ഉള്ള ശ്രമം നടക്കുന്നു.ഇങ്ങനെ നൂറ്റാണ്ടുകൾ പിന്നിലേക്ക് കൊണ്ടുപേകാനുള്ള ശ്രമമാണ് ഇവിടെ നടക്കുന്നത്.

മതത്തിന് ഇതരമായി പ്രവർത്തിക്കേണ്ട ഒന്നാണ് മതേതരത്വം.മതത്തിനു മുകളിലായി മനുഷ്യത്വവും മാനുഷിക മൂല്യങ്ങളും ഉണ്ടെന്ന് തിരിച്ചറിയുന്ന ജനതയ്ക്കു മാത്രമേ ഒരു സമൂഹത്തെ പുരോഗതിയിലേക്കു നയിക്കാൻ സാധ്യമാകൂ. നവോത്ഥാനം എന്നത് മതാധിഷ്ഠിതമായി മാത്രം സംഭവിക്കേണ്ട ഒന്നല്ല.മറിച്ച് അത് സമൂഹത്തെ ഒന്നാകെ ചിന്തിപ്പിക്കാൻ കഴിയുന്ന ശക്തിയാകണം.അത്തരം ചിന്തകളെ മുറുകെപിടിക്കുന്ന ഒരു തലമുറയുടെ വീക്ഷണം ഈ രാജ്യത്തെയും ലോകത്തെയും പുരോഗതിയിലേക്കു നയിക്കു എന്നുള്ളതിന് രണ്ടു പക്ഷമില്ല..

അരപവൻ മാല



പി .എസ് പ്രസാദ്
പ്രസിഡൻറ് അക്ഷര

''എന്റെറ അരുവിത്തുറ വല്യച്ചാ....നിന്റെറ തലയിൽ ഇടിത്തീ വീഴണേ.''രണ്ടുകൈയ്യും തലയിൽ വച്ച് പ്രാകി.തന്റെറ അമർഷവും സങ്കടവും നിസ്സഹായതയുമെല്ലാം ആ വാക്കുകളിൽ നിറഞ്ഞു നിന്നിരുന്നു.ഈ ചീത്തവിളി കേട്ടിട്ടും''ഞാനൊന്നു മറിഞ്ഞില്ലേ രാമനാരായണ''എന്നു പറഞ്ഞതു പോലെ താൻ മറിയക്കുട്ടിയുടെ കഴുത്തിൽ നിന്നും ബലം പ്രയോഗിച്ച് പൊട്ടിച്ചെടുത്ത മാലയും അരയിൽ തിരുകി പത്രോസ് ഷാപ്പിലേയ്ക്ക് പുറപ്പെട്ടു.

ഉമിതിന്ന് അരിമിച്ചം പിടിച്ചെന്നു പറയുന്നതു പോലെ താൻ കൂലിവേല ചെയ്തു മിച്ചം കിട്ടുന്നതിൽ നിന്ന് മിച്ചം പിടിച്ച് ആ തുക കൊണ്ട് വാങ്ങിച്ചതാണ് അരപ്പവന്റെറ ചെറിയൊരുമാല.അതാണ് കുടിക്കാൻ പണമില്ലാതെ വന്നപ്പോൾ ഭർത്താവ് ബലമായി പൊട്ടിച്ചെടുത്തത്.എങ്ങനെ സഹിക്കും.മറ്റുള്ള സ്ത്രീകൾ കഴുത്തു നിറയെ ആഭരണങ്ങളണിഞ്ഞു നടക്കുമ്പോൾ താൻ അരപ്പവന്റെറ മാലയണിഞ്ഞ് തന്റെറ ഇല്ലായ്മ മറച്ചിരുന്നു.ഇന്നതും നഷ്ടപ്പെട്ടു.പെണ്ണിന് സ്വർണ്ണം ദൈവമാണ്.താനിനി എങ്ങനെ വെളിയിൽ ഇറങ്ങി നടക്കും.മറ്റു പെണ്ണുങ്ങളുടെ മുഖത്തെങ്ങനെ നോക്കും.ഈ സാഹചര്യത്തിലാണ് മറിയക്കുട്ടി ഭർത്താവിനെ തലയിൽ കൈവച്ചു പ്രാകിയത്

ഉച്ചവരെ മറിയക്കുട്ടി ഒരേ ഇരിപ്പിരുന്നു.ഉച്ചഭക്ഷണമുണ്ടാക്കുകയോ മുറ്റമടിക്കുകയോ എന്തിന് പതിവുള്ള കട്ടൻകാപ്പി ഉണ്ടാക്കുകയോ പോലും ചെയ്തില്ല.

ഇനിയൊരിക്കലും ഒരു മാല വാങ്ങാൻ തനിക്ക് കഴിയില്ല എന്നവൾ കരുതി.വെറും കഴുത്തുമായി മറ്റുള്ളവരുടെ മുമ്പിൽ ചെല്ലുന്നതിനെക്കുറിച്ച് ചിന്തിക്കാൻ പോലും അവൾ അശക്തയായിരുന്നു. തന്റെ മാലയുമായി ഷാപ്പിലെ കടം തീർക്കാൻപോകുന്ന ഭർത്താവിന്റെ രൂപം അവൾ മന;ക്കണ്ണാൽ കണ്ടു.ഒരു ചുടുനിശ്വാസം അവളിൽ നിന്നുയർന്നു.

സമയം ഉച്ചകഴിഞ്ഞപ്പോൾ അയൽക്കാരനായ കൊച്ചുതോമ ഓടിക്കിതച്ച് മറിയക്കുട്ടിയുടെ അടുത്തെത്തി.വിങ്ങിപ്പൊട്ടിക്കൊണ്ട് അയാൾ ആ ദു;ഖ വാർത്ത അവളെ അറിയിച്ചു.രാവിലെ അരുവിക്കര ഷാപ്പിൽ നിന്ന് മദ്യം കഴിച്ച12പേർ വിഷമദ്യ ദുരന്തത്തിനിരയായി.ആശുപത്രിയിൽ വച്ചു മരിച്ച പന്ത്രണ്ടു പേരിൽ പത്രോസുമുണ്ടായിരുന്നു.

എത്ര ചീത്തയാണെങ്കിലും തന്റെ കഴുത്തിൽ താലികെട്ടിയ ഭർത്താവാണ് മരിച്ചിരിക്കുന്നത്.പത്രോസ് തന്നോടു ചെയ്ത ചതിയെക്കുറിച്ചൊന്നും അവൾ ഓർത്തില്ല.എട്ടുനാടും പൊട്ടിത്തകരുന്നതരത്തിൽ ചങ്കിനിട്ടിടിച്ച് മറിയക്കുട്ടി അലറിക്കരഞ്ഞു.അയൽക്കാർ ഓടിക്കൂടി.വാർത്തയറിഞ്ഞ് ചിലർ മൂക്കത്ത് വിരൽവച്ചു.ചിലർ പത്രോസിന്റെ അപദാനങ്ങൾ വർണ്ണിച്ചു.

പോസ്റ്റുമാർട്ടം കഴിഞ്ഞ് ശവം വിട്ടുകിട്ടാൻ വൈകും എന്ന് അയൽക്കാർ ആരോ വന്നു പറഞ്ഞു. അയൽക്കാരും ബന്ധുക്കളുമെല്ലാം മുറ്റത്തും പരിസരത്തുമായി കാത്തിരുന്നു .

വൈകിട്ട് ആറുമണിക്കുള്ള റേഡിയോ വാർത്തയിൽ വിഷമദ്യ ദുരന്തത്തിനിരയായവരുടെ പേരുവിവരം വായിച്ചിരുന്നു.അതിൽ പത്രോസിന്റെ പേരുമുണ്ടായിരുന്നു.തുടർന്നു വന്ന മുഖ്യമന്ത്രിയുടെ അനുശോചനത്തിൽ മദ്യദുരന്തത്തിനിരയായവരുടെ കുടുംബങ്ങൾക്ക് അഞ്ചുലക്ഷം രൂപാ ധനസഹായം പ്രഖ്യാപിച്ചു.കണ്ണീരിനിടയിലും ഈ വാർത്ത ശ്രവിച്ച മറിയക്കുട്ടിയുടെ ചുണ്ടിൽ ഒരു പുഞ്ചിരി മിന്നിമറഞ്ഞത് അധികമാരും കണ്ടിരിക്കാനിടയില്ല.

വയൽപ്പക്ഷി

കവിത



വാതിൽക്കലോളം



സുരേഷ്.ടി.കെ

വന്നെത്തി വസന്തം.
വയൽപ്പക്ഷി പാടി
വിരഹാർദ്ര ഗാനം.
മറുപാട്ട് പാടി



മരഞ്ഞുപോയിണക്കിളി
മായാത്ത മാരിവിൽ
മനതാരിലേറ്റി
സ്മരിപ്പൂ വയൽപ്പക്ഷി വീണ്ടും.









കവിത

അജയകുമാർ എം.എൻ.

മഷിത്തണ്ട്

ഒരു മഷിത്തണ്ടിന്റെ വീട്ടാത്ത കടം
ഇപ്പോഴും മനസ്സിന്റെ കണക്ക്
പുസ്തകത്തിലുണ്ട്.
സ്ലേറ്റിന്റെ മാറിൽ ഉരഞ്ഞ് നീ
മായ്ച്ച ശരിയും തെറ്റും തണുപ്പുള്ള
ഓർമ്മകളാണ്.
കല്യാണം കളിയിൽ ചാർത്തിയ
പത്തരമാറ്റ് താലി നിന്റെ
ഇലയായിരുന്നു.
ഇന്ന്, മുറ്റത്തു നിന്നും
പിഴുതെറിഞ്ഞ
പുൽപ്പടർപ്പിനുള്ളിൽ നിന്റെ
നെടുവീർപ്പുകൾ കുരുങ്ങിക്കിടന്നു.

കൊറോണ നല്കിയ യാത്രാമൊഴി.....



നന്ദു

P. P. E കിറ്റ് ധരിച്ച നാല് മനുഷ്യക്കോലങ്ങൾ മോർച്ചറിയുടെ ഏകാന്തതയിൽ നിന്നെന്നെ മോചിതനാക്കി.. തണുത്ത് മരവിച്ച എന്നെ അവർ എന്തോ ഒന്ന് കൊണ്ട് പൊതിഞ്ഞു കെട്ടി... ഇനി ഒരിക്കലും തുറക്കാനാവാത്ത മിഴികളിലെ അവസാന പ്രകാശവും അവിടെ നഷ്ടമായി. കരഞ്ഞ് കലങ്ങിയ കണ്ണുകളുമായ് അലമുറയിട്ട് അവൾ ഓടിയെത്തുമെന്ന് വെറുതേ ഞാൻ വ്യാമോഹിച്ചു.. നിലവിളികളോ അടക്കം പറച്ചിലുകളോ ഇല്ലാത്ത ഇത്ര ശാന്തമായ ഒരു യാത്രയയപ്പ് ഞാൻ ഒട്ടും പ്രതീക്ഷിച്ചിരുന്നതേ... ഇല്ല. കാലത്തിന്റെ ഒരു കുസൃതികളെ... കുഴിയിലേക്കെടുക്കുവാനോ... അന്ത്യമൊഴി ചൊല്ലുവാനോ.. ഉറ്റവരോ ഉടയവരോ ഇല്ല.. ! ഇതാവാം എന്റെ വിധിയെന്നോർത്ത് പുതിയൊരു ലോകത്തേക്കുള്ള യാത്രക്കൊരുങ്ങുകയാണ് ഞാൻ യാത്രകൾ ഏറെ ഇഷ്ട്ടപ്പെടുന്ന നിന്നെയും സ്മരിച്ചുകൊണ്ട്..

എഴുത്തിനെ പ്രണയിച്ചവൻ!

അക്ഷര വാർത്തകൾ



2020സെപ്റ്റബർ14ഗ്രന്ഥശാല സംഘം
75ാം വാർഷികം സമാപനം



പ്രണാമം



ഒക്ടോബർ1 വെർച്വൽ മീറ്റിംഗ്



അക്ഷര ബാലവേദി ക്വിസ് മൽസരം



ബാലവേദി സെമിനാർ

ഡിസംബർ 6



ഡോ.ബിആർ
അംബേദ്കർ
ചരമദിനം

അക്ഷരയ്ക്ക് ഒരു ഇരിപ്പിടം



കഴിഞ്ഞ 8 വർഷക്കാലമായി കണിച്ചുകുളം പ്രദേശത്ത് പ്രവർത്തിച്ചു വരുന്ന അക്ഷരലൈബ്രറിയ്ക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ല. ഇത്രയും കാലമായി വാടക കെട്ടിടത്തിലാണ് ലൈബ്രറി പ്രവർത്തിച്ചു വരുന്നത് .സ്വന്തമായി സ്ഥലവും കെട്ടിടവും എന്ന ലക്ഷ്യം പൂർത്തികരിക്കുവാൻ ഉദാരമായ ' സംഭാവനകൾ നല്കി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

അക്ഷര ലൈബ്രറി കമ്മറ്റി.

State Bank India
Branch Mammood
Account Holder Name
Akshara Public Library Kanichukulam
Account No: 67316041760
IFSC Code: SBIN0070284







Fastrago Group International
Digital Marketing Solutions & Digital Magazine Development Services